സ്ത്രീ സമൂഹത്തിന്റെ മുന്നണിപ്പോരാളി
**മഹിളാവീഥി**
മാഗസിൻ

# പീപ്പിൾസ് റിവ്യൂ

Estd : 2007

സത്യാന്ന പ്രമദിതവ്യം

സത്യത്തിൻ സാക്ഷി ധർമത്തിൻ പാതയിൽ

പ്രവാസത്തിന്റെ പുതിയ അർത്ഥതലങ്ങൾ
**പ്രവാസി റിവ്യൂ**
മാഗസിൻ

2023 സെപ്റ്റംബർ 30 ശനി | ptnizar@rediffmail.com | 9037319971 | www.peoplesreview.co.in

PUBLISHED FROM KOZHIKODE | email: peoplesreviewdaily@gmail.com | Ph. 0495 2769086, 9037319971 | P.B. NO. 15 | വില: 2 രൂപ

## തെറ്റായ ഇഞ്ചക്ഷൻ നൽകി, 17കാരി മരിച്ചു

# ബൈക്കിൽ മൃതദേഹം വച്ച് കടന്നുകളഞ്ഞ് ആശുപത്രി അധികൃതർ

ലക്നൗ: ഉത്തർപ്രദേശിൽ ഡോക്ടർ തെറ്റായ ഇഞ്ചക്ഷൻ നൽകിയതിനെ തുടർന്ന് 17കാരിക്ക് ദാരുണാന്ത്യം. കുട്ടിയുടെ മൃതദേഹം ആശുപത്രിക്ക് പുറത്ത് പാർക്ക് ചെയ്തിരുന്ന ബൈക്കിൽ വച്ച് ആശുപത്രി അധികൃതർ കടന്നുകളഞ്ഞതായി കുടുംബം ആരോപിച്ചു. പൊതുജനരോഷം ഭയന്ന് വീട്ടുകാരെ പോലും അറിയിക്കാതെയാണ് മൃതദേഹം ഉപേക്ഷിച്ച് ആശുപത്രി അധികൃതർ കടന്നുകളഞ്ഞത്. സംഭവത്തിൽ കുട്ടിക്ക് നീതി ലഭിക്കണമെന്ന് കുടുംബം ആവശ്യപ്പെട്ടു.

മെയിൻപുരിയിലെ സ്വകാര്യ ആശുപത്രിയിലാണ് സംഭവം. പനിയെ തുടർന്നാണ് 17കാരിയായ ഭാരതി സ്വകാര്യ ആശുപത്രിയിൽ ചികിത്സ തേടിയത്. ചൊവ്വാഴ്ചയാണ് ആശുപത്രിയിൽ എത്തിയത്.

ബുധനാഴ്ച കുട്ടിയുടെ ആരോഗ്യനില മെച്ചപ്പെട്ടതായും കുടുംബം പറയുന്നു. എന്നാൽ ബുധനാഴ്ച ഡോക്ടർ നൽകിയ ഇഞ്ചക്ഷനെ തുടർന്ന് കുട്ടിയുടെ ആരോഗ്യനില വഷളായി. വിദഗ്ധ ചികിത്സയ്ക്കായി ഉടൻ തന്നെ മറ്റൊരു ആശുപത്രിയിലേക്ക് കൊണ്ടുപോകാൻ ഡോക്ടർ ആവശ്യപ്പെട്ടു. എന്നാൽ ഇതിനോടകം തന്നെ കുട്ടി മരിച്ചതായും ബന്ധുക്കൾ ആരോപിക്കുന്നു.

സംഭവത്തിന് പിന്നാലെ കുട്ടിയുടെ മൃതദേഹം ആശുപത്രിക്ക് പുറത്തുള്ള ബൈക്കിൽ വച്ച് അധികൃതർ കടന്നുകളയുന്ന ദൃശ്യങ്ങൾ പുറത്തുവന്നിട്ടുണ്ട്. സംഭവം പുറത്തുവന്നതിന് പിന്നാലെ ആരോഗ്യവകുപ്പ് അധികൃതർ ആശുപത്രിയിലെത്തി അന്വേഷിച്ചു.

എന്നാൽ ആശുപത്രിയിൽ ഡോക്ടറെയോ മറ്റു ജീവനക്കാരെയോ കാണാൻ സാധിച്ചില്ല. തുടർന്ന് ചീഫ് മെഡിക്കൽ ഓഫീസർ ആശുപത്രി പൂട്ടി സീൽ വെച്ചു.



കുട്ടിയുടെ മൃതദേഹം ബൈക്കിൽ വച്ച് കടന്നുകളയുന്ന അധികൃതരുടെ ദൃശ്യം

## 'മൂന്നാറിൽ ദൗത്യസംഘം എന്ന് കേൾക്കുമ്പോൾ ജെസിബിയും കരിമ്പൂച്ചകളുമാണെന്ന് കരുതേണ്ട'; മന്ത്രി കെ.രാജൻ

തിരുവനന്തപുരം: ആളുകൾ ദൗത്യസംഘം എന്ന് കേൾക്കുമ്പോഴെക്കും ജെസിബിയും കരിമ്പൂച്ചയും ദുഃസ്വപ്നം കാണേണ്ടതില്ലെന്ന് റവന്യൂമന്ത്രി കെ രാജൻ. ജില്ലയിലെ അനധികൃത കയ്യേറ്റങ്ങൾ ഒഴിപ്പിക്കാൻ ഹൈക്കോടതി നിർദേശം നൽകിയിരുന്നു. ആ നിർദേശം കേൾക്കുന്നു. അതിന്റെ അർത്ഥം നാളെ മുതൽ ആ സ്ഥലങ്ങൾ തല്ലിപ്പൊളിച്ച് മാറ്റുന്നു എന്നല്ല. സർക്കാർ അത്തരത്തിൽ ഉദ്ദേശിക്കുന്നില്ലെന്നും കെ രാജൻ മാധ്യമങ്ങളോട് പറഞ്ഞു.



ഇടുക്കിയിലെ അനധികൃത കയ്യേറ്റങ്ങൾ ഒഴിപ്പിക്കാൻ ഹൈക്കോടതി നിർദേശം പ്രകാരം കഴിഞ്ഞ ദിവസമാണ് സർക്കാർ ദൗത്യസംഘത്തിന് രൂപം നൽകിയത്. ഇതിന് പിന്നാലെ ഇടുക്കി ജില്ലാ കലക്ടർ മുഖ്യ ചുമതലക്കാരനായുള്ള ദൗത്യസംഘത്തെ ഭയപ്പെടുന്നില്ലെന്നും കാലങ്ങളായി കുടിയേറി കുടിൽകെട്ടി താമസിക്കുന്നവരുടേയും വ്യാപാര സ്ഥാപനങ്ങൾ നടത്തുന്നവരുടേയും മെക്കിട്ട് കയറാൻ അനുവദിക്കില്ലെന്നും സിപിഎം നേതാവും എംഎൽഎയുമായ എം എം മണി മുന്നറിയിപ്പ് നൽകിയിരുന്നു. ഇതുസംബന്ധിച്ച ചോദ്യത്തിന് മറുപടിയായാണ് മന്ത്രിയുടെ പ്രതികരണം.

മുട്ടിൽ മരമുറി കേസിൽ ഭുവുടമകൾക്ക് കനത്ത പിഴ നോട്ടീസ് അയച്ച നടപടി പുനഃപരിശോധിക്കുമെന്നും കെ രാജൻ പറഞ്ഞു. കർഷകരുടെ പരാതികൾ പരിശോധിക്കാൻ കലക്ടർക്ക് നിർദേശം നൽകി. നിയമപ്രകാരമുള്ള നടപടികൾ സ്വീകരിക്കാനാണ് കലക്ടർക്ക് നിർദേശം നൽകിയത്. ഇതുമായി ബന്ധപ്പെട്ട് കർഷകരെ ഏതെങ്കിലും വിധത്തിൽ ദ്രോഹിക്കാനോ, കബളിപ്പിക്കപ്പെട്ടവരെ ക്രൂശിക്കാനോ പ്രത്യേകിച്ച് ആദിവാസി വിഭാഗങ്ങളെ ഒറ്റപ്പെടുത്താനോ ഉള്ള ഒരു നടപടിയും സർക്കാരിന്റെ ഭാഗത്ത് നിന്ന് ഉണ്ടാവില്ലെന്നും കെ രാജൻ പറഞ്ഞു.

## മോദിയുടെ ഡിഗ്രി സർട്ടിഫിക്കറ്റ്: കെജ്രിവാളിന്റെ ഹരജിയിൽ വിധി പറയുന്നത് മാറ്റി ഗുജറാത്ത് ഹൈക്കോടതി

അഹമദാബാദ്: നരേന്ദ്ര മോദിയുടെ ഡിഗ്രി സർട്ടിഫിക്കറ്റ് വിഷയത്തിൽ ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കെജ്രിവാളിന്റെ റിവ്യൂ ഹരജിയിൽ വാദം പൂർത്തിയാക്കി ഗുജറാത്ത് ഹൈക്കോടതി. കേസിൽ വിധി പറയുന്നത് മറ്റൊരു ദിവസത്തേക്കു മാറ്റിവച്ചിരിക്കുകയാണ്.



ഗുജറാത്ത് സർവകലാശാല നൽകിയ മാനനഷ്ടക്കേസിൽ കെജ്രിവാളിനും എ.എ.പി ലോക്സഭാ അംഗം സഞ്ജയ് സിങ്ങിനുമെതിരെ മജിസ്ട്രേറ്റ് കോടതി സമൻസ് അയച്ചിരുന്നു. ഇക്കാര്യം ശരിവച്ച ഗുജറാത്ത് ഹൈക്കോടതി വിധിക്കെതിരെയാണ് ഇരുവരും പുനഃപരിശോധനാ ഹരജി നൽകിയത്. ഇതിലാണിപ്പോൾ വാദം പൂർത്തിയാക്കി ജസ്റ്റിസ് ബിരേൻ വൈഷ്ണവ് വിധി പറയാൻ മാറ്റിയത്.

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ഡിഗ്രി സർട്ടിഫിക്കറ്റ് വെളിപ്പെടുത്തുന്നില്ലെന്നു പറഞ്ഞ് സർവകലാശാലയെ അപകീർത്തിപ്പെടുത്തുന്ന തരത്തിലുള്ള പരാമർശങ്ങൾ നടത്തിയെന്നായിരുന്നു കെജ്രിവാളിനും സഞ്ജയ് സിങ്ങിനുമെതിരായ പരാതി. കേസിൽ മജിസ്ട്രേറ്റിന്റെ വിധിയെ ഹൈക്കോടതിയും പിന്തുണച്ചു. സർവകലാശാല മോദിയുടെ ഡിഗ്രി സർട്ടിഫിക്കറ്റ് പരസ്യമാക്കേണ്ടതില്ലെന്നു വ്യക്തമാക്കിയ കോടതി കെജ്രിവാളിന് 25,000 രൂപ പിഴ ചുമത്തുകയും ചെയ്തു.

എന്നാൽ, മോദിയുടെ സർട്ടിഫിക്കറ്റ് ഓൺലൈനിൽ ലഭ്യമാണെന്ന സർവകലാശാലയുടെ വാദം തെറ്റാണെന്നും അത്തരമൊരു സർട്ടിഫിക്കറ്റും വെബ്സൈറ്റിൽ കാണാനാകുന്നില്ലെന്നും റിവ്യൂ ഹരജിയിൽ ചൂണ്ടിക്കാട്ടി. എന്നാൽ, ഒരു ആവശ്യവുമില്ലാതെ വിവാദം കത്തിച്ചുനിർത്താനാണ് കെജ്രിവാൾ ശ്രമിക്കുന്നതെന്ന് സർവകലാശാലയ്ക്കു വേണ്ടി ഹാജരായ സോളിസിറ്റർ ജനറൽ തുഷാർ മേത്ത ആരോപിച്ചു.

## ട്രെയിൻ തീവയ്പ്പ്

# ഏക പ്രതി ഷാറൂഖ് സെയ്ഫി, എൻഐഎ കുറ്റപത്രം സമർപ്പിച്ചു

കൊച്ചി: കോഴിക്കോട് എലത്തൂരിൽ ട്രെയിനിന് തീയിട്ടത് പ്രതി ഷാറൂഖ് സെയ്ഫി ഒറ്റയ്ക്കെന്ന് എൻഐഎ. പ്രതി കേരളം തെരഞ്ഞെടുത്തത് തിരിച്ചറിയാതിരിക്കാൻ വേണ്ടിയെന്നും കൊച്ചി കോടതിയിൽ എൻഐഎ സമർപ്പിച്ച കുറ്റപത്രത്തിൽ പറയുന്നു.

2023 ഏപ്രിൽ മാസം രണ്ടാം തീയതി എക്സിക്യൂട്ടീവ് എക്സ്പ്രസിന്റെ ബോഗിയിൽ ഡൽഹി സ്വദേശിയായ ഷാറൂഖ് സെയ്ഫി പെട്രോൾ ഒഴിച്ച് തീകൊളുത്തിയതിനെ തുടർന്ന് മൂന്ന് പേർ മരിക്കുകയും ഒൻപത് പേർക്ക് പരിക്കേൽക്കുകയും ചെയ്തു എന്നതാണ് കേസ്. ട്രെയിനിന് തീയിട്ടത് ഷാറൂഖ് സെയ്ഫി ഒറ്റയ്ക്കാണ്. ഷാറൂഖ് സെയ്ഫിയെ കൃത്യത്തിലേക്ക് നയിച്ചത് കടുത്ത തീവ്രവാദ ആശയങ്ങൾ തന്നെയാണെന്നാണ് എൻഐഎയുടെ കുറ്റപത്രത്തിൽ പറയുന്നത്.

തീവ്രവാദ ആശയങ്ങളിൽ ആകൃഷ്ടനായി സമൂഹത്തിൽ ഭീകരത സൃഷ്ടിക്കുക എന്ന ഉദ്ദേശത്തോടെയാണ് ഡൽഹിയിൽ നിന്ന് ഷാറൂഖ് സെയ്ഫി കേരളത്തിലേക്ക് പുറപ്പെട്ടത്. മാർച്ച് 30നാണ് ഡൽഹിയിൽ നിന്ന് പുറപ്പെട്ടത്.

ഏപ്രിൽ രണ്ടിന് ഷൊർണ്ണൂരിൽ ഇറങ്ങിയ ഷാറൂഖ് സെയ്ഫി ഇവിടെ നിന്നാണ് ട്രെയിനിന് തീയിടാൻ ആവശ്യമായ പെട്രോളും ലൈറ്ററും വാങ്ങിയത്. തുടർന്ന് എക്സിക്യൂട്ടീവ് ട്രെയിനിൽ കയറി ബോഗിക്ക് തീവച്ചു എന്നാണ് കുറ്റപത്രത്തിൽ പറയുന്നത്.



തനിക്ക് പരിചയമില്ലാത്ത, തന്നെ തിരിച്ചറിയാത്ത സ്ഥലം എന്ന നിലയിലാണ് ഷാറൂഖ് സെയ്ഫി കേരളം തെരഞ്ഞെടുത്തത്. കൃത്യം നടത്തിയ ശേഷം മടങ്ങിപ്പോകാനാണ് പ്രതി പദ്ധതിയിട്ടിരുന്നത്. സംഭവത്തിന് പിന്നാലെ മഹാരാഷ്ട്രയിലെ രത്നഗിരിയിലേക്ക് രക്ഷപ്പെട്ട പ്രതിയെ അവിടെ വച്ചാണ് പിടികൂടിയതെന്നും കുറ്റപത്രത്തിൽ പറയുന്നു.

കൃത്യം ചെയ്ത ശേഷം തിരിച്ച് ഡൽഹിയിലേക്ക് തന്നെ മടങ്ങിപ്പോയി മുൻപ് ജീവിച്ചത് പോലെ തന്നെ ജീവിക്കാനാണ് ഉദ്ദേശിച്ചിരുന്നത്. എങ്കിലും ഒരു തീവ്രവാദ പ്രവർത്തനം നടത്തി എന്ന സന്തോഷം തനിക്ക് ലഭിക്കും എന്ന് കരുതിയാണ് ഇത് ചെയ്തതെന്നും പ്രതിയുടെ കുറ്റസമ്മതമൊഴിയിൽ പറയുന്നതായും കുറ്റപത്രത്തിൽ പറയുന്നു.

ഓൺലൈൻ പേജുകൾ വഴിയാണ് ഇത്തരത്തിൽ തീവ്രവാദ ആശയങ്ങളിൽ ആകൃഷ്ടനായത്. കൂടാതെ തീവ്ര ഇസ്ലാമിക സ്വഭാവം പ്രകടിപ്പിക്കുന്ന ചില പ്രസംഗങ്ങളും പ്രതി പിന്തുടർന്നിട്ടുണ്ട്. ഇന്ത്യയിൽ ജിഹാദി പ്രവർത്തനങ്ങൾ നടത്തണമെന്ന് ആഗ്രഹിക്കുന്ന പാകിസ്ഥാൻ കേന്ദ്രീകരിച്ചുള്ള ഒരു വിഭാഗം ആളുകളുടെ പ്രസംഗങ്ങളിൽ വരെ പ്രതി ആകൃഷ്ടനായിട്ടുണ്ടെന്നും ഷാറൂഖ് സെയ്ഫിയുടെ മൊബൈലും ഇലക്ട്രോണിക് ഉപകരണങ്ങളും പരിശോധിച്ചതിൽ നിന്ന് വ്യക്തമായതായും കുറ്റപത്രത്തിൽ പറയുന്നു.

## വനിതാ സംവരണ ബില്ലിന് രാഷ്ട്രപതിയുടെ അംഗീകാരം

ഡൽഹി: വനിതാ സംവരണ ബില്ലിന് രാഷ്ട്രപതിയുടെ അംഗീകാരം. പാർലമെന്റ് പാസാക്കിയ ഇരു ബില്ലുകൾക്കും രാഷ്ട്രപതി അംഗീകാരം നൽകിയതോടെ നിയമമായി. നിയമം പ്രാബല്യത്തിൽ വന്നിട്ടുണ്ടെങ്കിലും വനിതാ സംവരണ ബിൽ എന്ന് നടപ്പിലാകുമെന്ന ചോദ്യം ഉയരുന്നുണ്ട്. സെപ്റ്റംബർ 20നാണ് പാർലിമെന്റിന്റെ ഇരു സഭകളും ഈ ബില്ല് പാസാക്കിയത്.

രാഷ്ട്ര പതി അംഗീകാരം നൽകിയതോടെ നിയമ മന്ത്രാലയം ഇതൊരു നിയമമാക്കി വിജ്ഞാപനം പുറത്തിറക്കിയിട്ടുണ്ട്. ഇനി 2026ലെ സെൻസസ് നടപടികളും മണ്ഡല പുനക്രമീകരണവും ഉൾപ്പടെ നടപ്പിലാക്കണം ഇതിന് ശേഷമായിരിക്കും വനിതാ സംവരണ ബിൽ നിലവിൽ വരുക. 2029 ലോക്സഭ തെരഞ്ഞെടുപ്പോടു കൂടിയായിരിക്കും വനിതാ സംവരണ ബിൽ പൂർണമായും നിലവിൽ വരുക.

വനിതകൾക്ക് ലോക്സഭയിലും നിയമ സഭയിലും 33 ശതമാനം സംവരണ നൽകുന്ന ബില്ലാണ് വനിതാ സംവരണ ബിൽ. ഭരണഘടനാ ഭേദഗതിയായിട്ടുപോലും ചട്ടം 344 പ്രകാരമാണ് വനിതാ സംവരണ ബിൽ പാസാക്കിയത്. അതുകൊണ്ട് തന്നെ സംസ്ഥാനങ്ങളുടെ ഭാഗത്ത് നിന്ന് അംഗീകാരം ലഭിക്കേണ്ട സാഹചര്യമുണ്ടായിരുന്നില്ല.

## 'ഉറപ്പായും പ്രതികളെ പിടികൂടും'; മണിപ്പൂരിലെ വിദ്യാർഥികളുടെ കൊലപാതകത്തിൽ മുഖ്യമന്ത്രി

ഇംഫാൽ: മണിപ്പൂരിലെ വിദ്യാർഥികളുടെ കൊലപാതകത്തിൽ പ്രതികരിച്ച് മുഖ്യമന്ത്രി എൻ.ബിരേൻ സിങ്. ജൂലൈയിൽ കാണാതായ രണ്ട് വിദ്യാർഥികളാണ് കൊല്ലപ്പെട്ടത്. കുറ്റവാളികളെ ഉറപ്പായും പിടികൂടുമെന്ന് ബിരേൻ സിങ് പറഞ്ഞു.



തിങ്കളാഴ്ചയാണ് ജൂ?ലൈ മുതൽ കാണാതായ രണ്ട് കുട്ടികളുടെ മൃതദേഹത്തിന്റെ വിഡിയോ പുറത്ത് വന്നത്. തുടർന്ന് മണിപ്പൂരിൽ വലിയ രീതിയിലുള്ള പ്രതിഷേധം ഉയർന്നിരുന്നു. പ്രതിഷേധത്തെ തുടർന്ന് മൊബൈൽ ഇന്റർനെറ്റ് സേവനങ്ങൾ അഞ്ച് ദിവസത്തേക്ക് സസ്?പെൻഡ് ചെയ്തിരുന്നു. വിദ്യാലയങ്ങൾ അടച്ചിടുകയും ഇംഫാൽ താഴ്വരയിൽ കർഫ്യു പ്രഖ്യാപിക്കുകയും ചെയ്തു.

എല്ലാം വൈകാതെ ശരിയാകും. സി.ബി.ഐ സംഘമാണ് കേസന്വേഷണത്തിനായി എത്തിയിട്ടുള്ളത്. സി.ബി.ഐ?യിലെ സ്പെഷ്യൽ ഡയറക്ടർ അജയ് ഭട്ടനഗർ പ്രത്യേക വിമാനത്തിൽ എത്തിയിട്ടുണ്ട്. സി.ബി.ഐ ഉദ്യോഗസ്ഥരുടെ സുരക്ഷക്കായി സി.ആർ.പി.എഫ് സംഘത്തേയും നിയോഗിച്ചിട്ടുണ്ടെന്നും മുഖ്യമന്ത്രി അറിയിച്ചു.

അതേസമയം, മണിപ്പൂർ കലാപം സംബന്ധിച്ച് സംസ്ഥാന ബി.ജെ.പി നേതൃത്വം ദേശീയ അധ്യക്ഷൻ ജെ.പി നദ്ദക്ക് കത്തയച്ചിട്ടുണ്ട്. എട്ടോളം ഭാരവാഹികൾ ഒപ്പുവെച്ച കത്ത് സംസ്ഥാന അധ്യക്ഷ ശാർദ ദേവിയുടെ നേതൃത്വത്തിലാണ് അയച്ചിരിക്കുന്നത്. പൊതുജനങ്ങളുടെ രോഷവും പ്രതിഷേധവും ഒരു തിരമാല കണക്കെ ഉയരുകയാണ്. ഈ അസ്വസ്ഥതയുടെ ഏക ഉത്തരവാദിത്തം സ്ഥിതിഗതികൾ കൈകാര്യം ചെയ്യുന്നതിലെ സർക്കാറിന്റെ പരാജയം മാത്രമായി വിലയിരുത്തപ്പെടുന്നുവെന്നും കത്തിൽ പറഞ്ഞിരുന്നു.

### യു.കെയിലെ ഇന്ത്യൻ ഹൈക്കമ്മിഷണറെ തടഞ്ഞ് ഖലിസ്ഥാൻ അനുകൂലികൾ

ലണ്ടൻ: ബ്രിട്ടനിലെ ഇന്ത്യൻ സ്ഥാനപതി വിക്രം ദൊരൈസ്വാമിയെ സ്കോട്ട്ലന്റിലെ ഗുരുദ്വാരയിൽ പ്രവേശിക്കുന്നതിൽ നിന്ന് തടഞ്ഞ് ഖലിസ്ഥാൻ അനുകൂലികൾ. ഹർദീപ് സിങ് നിജ്ജാറിന്റെ കൊലപാതകവുമായി ബന്ധപ്പെട്ട് ഇന്ത്യയും കാനഡയും തമ്മിലെ തർക്കത്തിനിടയിലാണ് ഇപ്പോൾ പുതിയ സംഭവം.

സ്കോട്ട്ലൻഡിലെ ഗ്ലാസ്ഗോവിൽ ഔദ്യോഗിക സന്ദർശനത്തിനെത്തിയ ദൊരൈസ്വാമിയെ ആൽബർട്ട് ഡ്രൈവിലെ ഗുരുദ്വാരയിലെ കമ്മിറ്റി അംഗങ്ങളുമായി ചർച്ചയ്ക്ക് എത്തിയതായിരുന്നു. യു.കെയിലെ ഒരു ഗുരുദ്വാരയിലേക്കും ഇന്ത്യൻ ഉദ്യോഗസ്ഥർക്ക് പ്രവേശനമില്ലെന്ന് വ്യക്തമാക്കിയാണ് ദൊരൈസ്വാമിയെ ഖലിസ്ഥാൻ അനുകൂലികൾ തടഞ്ഞത്.

ഇന്ത്യൻ ഹൈക്കമ്മീഷണറെ കാറിൽ തടഞ്ഞുവെക്കുന്നതിന്റെ ദൃശ്യവും പുറത്ത് വന്നിട്ടുണ്ട്. സംഭവത്തിൽ ഇന്ത്യൻ വിദേശകാര്യ മന്ത്രാലയത്തിന്റെയോ ലണ്ടനിലെ ഇന്ത്യൻ ഹൈക്കമ്മിഷന്റേയോ പ്രതികരണം ഇതുവരെ വന്നിട്ടില്ല.

## അറബിക്കടലിൽ തീവ്ര ന്യൂന മർദ്ദം ശക്തി പ്രാപിച്ചു; തീവ്രമഴ, കടലാക്രമണത്തിന് സാധ്യത

തിരുവനന്തപുരം: സംസ്ഥാനത്ത് തീവ്രമഴ മുന്നറിയിപ്പുമായി കാലാവസ്ഥ വകുപ്പ്. അഞ്ച് ജില്ലകളിൽ ഓറഞ്ച് അലർട്ട് പ്രഖ്യാപിച്ചിട്ടുണ്ട്. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, എറണാകുളം ജില്ലകളിലാണ് ഓറഞ്ച് അലർട്ട് പ്രഖ്യാപിച്ചിരിക്കുന്നത്. നാളെ കോഴിക്കോടും ഓറഞ്ച് അലർട്ട് പ്രഖ്യാപിച്ചിട്ടുണ്ട്. ഇന്ന് എല്ലാ ജില്ലകളിലും മഴ മുന്നറിയിപ്പ് നൽകിയിരിക്കുകയാണ്. ഓറഞ്ച് അലർട്ട് പ്രഖ്യാപിച്ച ജില്ലകളൊഴികെ മറ്റ് ജില്ലകളിൽ യെല്ലോ അലർട്ട് ആണ്. അറബിക്കടലിലെ ന്യൂനമർദം തീവ്രന്യൂനമർദമായി മാറിയിരിക്കുകയാണ്. മത്സ്യബന്ധനത്തിന് വിലക്ക് തുടരുന്നു.

മധ്യ കിഴക്കൻ അറബിക്കടലിൽ കൊങ്കൺ - ഗോവ തീരത്തിന് സമീപം രൂപപ്പെട്ട ശക്തി കൂടിയ ന്യൂനമർദം തീവ്രന്യൂനമർദമായിമാറി. ഇന്ന് രാത്രിയോടെ പഞ്ചിമിനും രത്നഗിരിക്കും ഇടയിൽ കരയിൽ പ്രവേശിക്കാൻ സാധ്യത. വടക്ക് പടിഞ്ഞാറ് ബംഗാൾ ഉൾക്കടലിനു മുകളിലായി ശക്തി കൂടിയ ന്യൂനമർദം സ്ഥിതിചെയ്യുന്നു. അടുത്ത 24 മണിക്കൂറിനുള്ളിൽ പടിഞ്ഞാറ് -വടക്ക് പടിഞ്ഞാറ് ദിശയിൽ സഞ്ചരിച്ച്- പശ്ചിമ ബംഗാൾ തീരത്തേക്ക് നീങ്ങാൻ സാധ്യതയുണ്ട്. തെക്കു പടിഞ്ഞാറ് ബംഗാൾ ഉൾക്കടലിൽ തമിഴ്നാട് തീരത്തിന് സമീപം ചക്രവാതച്ചുഴി നിലനിൽക്കുന്നു. കേരളത്തിൽ അടുത്ത 5 ദിവസം മിതമായ / ഇടത്തരം മഴ / ഇടി / മിന്നൽ തുടരാൻ സാധ്യത. സെപ്റ്റംബർ 30 മുതൽ ഒക്ടോബർ 1 വരെ ഒറ്റപ്പെട്ട ശക്തമായ മഴക്കും സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിക്കുന്നു.

മഴയിൽ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നാശനഷ്ട സംഭവിച്ചിട്ടുണ്ട്. കൊല്ലം ചിതറയിൽ കാറ്റിൽ കാറിന് മുകളിലും കെട്ടിടത്തിന് മുമുകളിലും മരം വീണു. ആളപായം ഇല്ല. ചെങ്ങന്നൂർ ബുധനൂരിൽ രണ്ട് വീടുകളുടെ മേൽക്കൂര തകർന്നു. കനത്ത മഴ തുടരുന്നതോടെ കൊച്ചിയിൽ പല ഭാഗങ്ങളിലും വെള്ളക്കെട്ട് വന്നിരിക്കുകയാണ്. കെഎസ്ആർടിസി ബസ്റ്റാൻഡിൽ വെള്ളക്കെട്ട് രൂക്ഷമാണ്. ബോൾഗാട്ടിയിൽ മഴയത്ത് ഒരു വീടിന്റെ കൂര ഇടിഞ്ഞുവീണു.

കനത്ത മഴ തുടരുന്ന സാഹചര്യത്തിൽ തിരുവനന്തപുരം ജില്ലയിൽ ക്വാറിയിങ്, മൈനിങ് പ്രവർത്തനങ്ങളും മലയോര, കായലോര, കടലോര മേഖലയിലേക്കുള്ള അവശ്യ സർവീസുകൾ ഒഴികെയുള്ള ഗതാഗതവും വിനോദ സഞ്ചാരവും നിരോധിച്ചു. ഇനിയൊരു അറിയിപ്പുണ്ടാകുന്നതുവരെ നിരോധനം തുടരുമെന്ന് തിരുവനന്തപുരം ജില്ലാ കളക്ടർ ജെറോമിക് ജോർജ് അറിയിച്ചു. ജില്ലയിൽ അതിശക്തമായ മഴ തുടരുന്നതിനാലും വെള്ളിയാഴ്ച ഓറഞ്ച് അലർട്ട് പ്രഖ്യാപിച്ച സാഹചര്യത്തിലുമാണ് നിരോധനം അറിയിച്ചത്.

## കരുവന്നൂർ: സഹകരണ പുനരുദ്ധാരണ നിധിക്ക് ആർബിഐ നിയന്ത്രണമില്ല; അടുത്ത ആഴ്ചയോടെ പാക്കേജ് പ്രഖ്യാപിക്കും

തൃശൂർ: സഹകരണ പുനരുദ്ധാരണ നിധിയിൽ നിന്ന് പണം സമാഹരിച്ച് കരുവന്നൂർ ബാങ്കിൽ എത്തിക്കാനാണ് ശ്രമമെന്ന് സഹകരണ മന്ത്രി വി എൻ വാസവൻ. സഹകരണ പുനരുദ്ധാരണ നിധിയ്ക്ക് ആർബിഐയുടെ നിയന്ത്രണമില്ല. അടുത്ത ആഴ്ചയോട് കൂടി ഒരു പാക്കേജ് കൂടി പ്രഖ്യാപിക്കുമെന്നും വാസവൻ പറഞ്ഞു. കരുവന്നൂർ പ്രതിസന്ധി വിഷയത്തിൽ ഏഷ്യാനെറ്റ് ന്യൂസിനോട് പ്രതികരിക്കുകയായിരുന്നു മന്ത്രി.

'കരുവന്നൂരിലെ പ്രതിസന്ധിയുമായി ബന്ധപ്പെട്ട് സർക്കാർ ഒരു പാക്കേജ് പ്രഖ്യാപിച്ചിരുന്നു. അതിന്റെ ഫലമായി ഏതാണ്ട് 73 കോടിയിലധികം രൂപ നിക്ഷേപകർക്ക് തിരിച്ചു കൊടുത്തു. 110 കോടി രൂപയോളം പുനക്രമീകരിച്ചിട്ടുണ്ട്. പലിശ കൊടുത്തും, നിക്ഷേപത്തിന്റെ ഒരു ഭാ?ഗം കൊടുത്തുമാണ് പുനക്രമീകരിച്ചത്. ഏതാണ്ട് 36 കോടി രൂപയോളം അവിടെ തിരിച്ചുവരവുണ്ടായിരുന്നു. അതിനെ സഹായിക്കാൻ വേണ്ടി വിവിധ സംഘങ്ങളിൽ നിന്നുള്ള നിക്ഷേപവും ഒപ്പം ക്ഷേമബോർഡിൽ നിന്നും പണവും കൊടുത്തിരുന്നു. അതുപോലെ ഷെയർ ക്യാപിറ്റൽ പണവും കൊടുത്തിരുന്നു. ഇതെല്ലാം കൂട്ടിച്ചേർത്താണ് നേരത്തെയുണ്ടാക്കിയ പാക്കേജ്. ആ പാക്കേജിൽ ഇനി ചില സംഘങ്ങൾക്ക് കൂടി പണം കൊടുക്കാനുണ്ട്. അത് കൊടുക്കും. കൂടാതെ ഇപ്പോൾ മചാറായി വരുന്ന നിക്ഷേപങ്ങൾ മടക്കി കൊടുക്കാനാവശ്യമായ സഹായം കൂടി കേരള ബാങ്കും സഹകരണ വകുപ്പിന്റെ വിവിധ പ്രൈമറി സംഘങ്ങളും എല്ലാം കൂടി ചേർന്ന് അവരെ സഹായിക്കും. സഹകരണ പുനരുദ്ധാരണ നിധിയിൽ നിന്ന് അവർക്ക് ഫണ്ട് കൊടുക്കും. അവരെ സഹായിക്കുന്നതിലേക്ക് ആലോചിച്ചിച്ചുണ്ട്. സഹകരണ പുനരുദ്ധാരണ നിധിക്ക് ആർബിഐ നിയന്ത്രണമില്ല. സംസ്ഥാന സഹകരണ വകുപ്പ് കൂടി തീരുമാനിച്ചാൽ മതി. അത് മൂന്നാം തീയതി തീരുമാനിക്കും. അടുത്ത ആഴ്ചയോട് കൂടി ഒരു പാക്കേജ് കൂടി പ്രഖ്യാപിക്കും' വി എൻ വാസവൻ പറഞ്ഞു.

# സംസ്ഥാനത്ത് അതിശക്തമായ മഴ 10 ജില്ലകളിൽ യെല്ലോ അലർട്ട്

തിരുവനന്തപുരം: സംസ്ഥാനത്ത് അതി ശക്തമായ മഴ തുടരുന്നു. അറബിക്കടലിലും ബംഗാൾ ഉൾക്കടലിലും രൂപപ്പെട്ട ന്യൂനമർദ്ദങ്ങളുടെ സ്വാധീന ഫലമായാണ് മഴ ശക്തി പ്രാപിച്ചത്. കേരളത്തിൽ അടുത്ത അഞ്ചുദിവസം കൂടി ശക്തമായ മഴ തുടരുമെന്നാണ് കേന്ദ്ര കാലാവസ്ഥ വകുപ്പിന്റെ മുന്നറിയിപ്പ്. ഇതേ തുടർന്ന് സംസ്ഥാനത്ത് ഇന്ന് 10 ജില്ലകളിൽ യെല്ലോ അലർട്ട് പ്രഖ്യാപിച്ചു. ആലപ്പുഴ, ഇടുക്കി, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിലാണ് അലോട്ട്. ഉയർന്ന തിരമാലയ്ക്കും കടൽക്ഷോഭത്തിനും സാധ്യതയുള്ളതിനാൽ കേരള ലക്ഷദ്വീപ് തീരങ്ങളിലും കർണാടക തീരത്തും മത്സ്യബന്ധനത്തിനും വിലക്ക് ഏർപ്പെടുത്തി.

# കമ്മീസ് മുഷൈത്ത് 'സൗഹൃദം സുകൃതം' ഒക്ടോബർ 2ന്

കോഴിക്കോട്: സൗദി അറേബ്യയിലെ കമ്മീസ് മുഷൈത്തിൽ പതിറ്റാണ്ടുകളോളം പ്രവാസ ജീവിതം നയിച്ച് നാട്ടിൽ തിരികെയെത്തി ജീവിതം നയിക്കുന്നവരുടെ വാട്സ് ആപ്പ് കൂട്ടായ്മയായ സൗഹൃദം സുകൃതത്തിന്റെ പ്രഥമ സംഗമം മലപ്പുറം ജില്ലയിലെ ചെമ്മാട് ടൗണിലുള്ള തിരൂരങ്ങാടി സർവ്വീസ് സഹകരണ ബാങ്ക് ഓഡിറ്റോറിയത്തിൽ ഒക്ടോബർ 2ന് ഗാന്ധി ജയന്തി ദിനത്തിൽ നടക്കും.

കാലത്ത് 9 മണിക്ക് റജിസ്ട്രേഷൻ ആരംഭിക്കും. 10 മണിക്ക് മുതർന്ന അംഗം പരിപാടിയുടെ ഉദ്ഘാടനം നിർവ്വഹിക്കും. പരിപാടിയുടെ വിജയത്തിനായി മഞ്ചേരി പി.ടി.ഷാഹുൽ ഹമീദിന്റെ വീട്ടിൽ വെച്ച് 11 അംഗ അഡ്മിൻമാരുടെ യോഗം ചേരുകയും പ്രവർത്തനങ്ങൾ നടന്നുവരികയുമാണ്. എ.റഹ്മാൻകുട്ടി, പി.ടി.എസ്.ഹമീദ് ഒയാസിസ്, എം.എ.എം. കുട്ടി തൃശൂർ, റിയാസ് പാണ്ടിക്കാട്, റസാക്ക് സാട്ട, റിയാസ് വെട്ടിക്കാട്ടിരി, റസാക്ക് കാലിക്കറ്റ്, സെയ്ദ് പട്ടാമ്പി, കെ.വി. കെ.ബാവ പൊന്നാനി, അഷ്ഫ് മക്കരപറമ്പ്, ഷമീർ മേപ്പാടി എന്നിവരാണ് 11 അഡ്മിൻമാർ. 1980 മുതൽ 6 മാസം മുൻപ് വരെ കമ്മീസ് മുഷൈത്തിൽ നിന്ന് പ്രവാസ ജീവിതം അവസാനിപ്പിച്ച് നാട്ടിലെത്തിയ 800ഓളം പേരാണ് വാട്സ് ആപ്പ് കൂട്ടായ്മയിലുള്ളത്. മൊബൈൽ ഫോണോ മറ്റ് സംവിധാനങ്ങളോ ഇല്ലാത്ത കാലത്ത് കമ്മീസ് മുഷൈത്തിൽ പ്രവാസ ജീവിതം നയിച്ച് നാട്ടിലെത്തിയ പലരെയും ഇനിയും കൂട്ടായ്മയുടെ ഭാഗമാക്കാനുള്ള ശ്രമം നടന്നുവരികയാണെന്ന് സംഘാടകർ പറഞ്ഞു. സംഗമത്തോടനുബന്ധിച്ച് സംഘടനാ ചർച്ചകൾ, ഭാവി പരിപാടികൾക്ക് രൂപം നൽകൽ അംഗങ്ങളുടെ കലാപരിപാടികൾ എന്നിവ നടക്കും.

# പുതിയ തീവണ്ടി സമയം നാളെ മുതൽ; ഷൊർണൂർ – എറണാകുളം മെമു 4.30ന്, ഐലന്റ് നേരത്തേയാക്കി

തൃശൂർ: റെയിൽവേയുടെ പുതുക്കിയ തീവണ്ടി സമയക്രമം ഒക്ടോബർ 1 മുതൽ പ്രാബല്യത്തിൽ വരും.

ഷൊർണൂർ – എറണാകുളം മെമു, കന്യാകുമാരി – ബംഗളൂരു എക്സ്പ്രസ് എന്നിവയുടെ സമയത്തിലാണ് കേരളത്തിൽ പ്രധാനമായും മാറ്റമുള്ളത്.
പുതിയ സമയമനുസരിച്ച് 06017 ഷൊർണൂർ – എറണാകുളം മെമു ഷൊർണൂരിൽ നിന്നും രാവിലെ 3.30ന് പകരം 4.30ന് മാത്രമേ പുറപ്പെടുകയുള്ളൂ.

5.20ന് തൃശ്ശൂർ വിടുന്ന മെമു രാവിലെ 7.07ന് എറണാകുളം ടൌൺ സ്റ്റേഷനിൽ എത്തും. ഈ വണ്ടിയുടെ സമയം മാറ്റണമെന്ന് യാത്രക്കാർ ഏറെനാളായി ആവശ്യപ്പെട്ടുവരികയാണ്.
വൈകീട്ട് മടക്കയാത്രയ്ക്കുള്ള ബംഗളൂരു എക്സ്പ്രസ്സിന്റെ സമയത്തിലും മാറ്റമുണ്ട്. 17.42ന് എറണാകുളം ടൗൺ വിടുന്ന 16525 കന്യാകുമാരി – ബംഗളൂരു എക്സ്പ്രസ്സ് 19.05ന് തൃശ്ശൂരിലെത്തും.

നിലവിൽ 19.37നാണ് ഈ വണ്ടി തൃശ്ശൂരിലെത്തുന്നത്.

# പത്തനംതിട്ടയിലെ നിരണം പഞ്ചായത്ത് ഭരണം യുഡിഎഫിനു നഷ്ടമായി; പിടിച്ചെടുത്ത് എൽഡിഎഫ്

നിരണം: പത്തനംതിട്ടയിലെ നിരണം പഞ്ചായത്ത് ഭരണം യുഡിഎഫിനു നഷ്ടമായി. സിപിഐഎമ്മിലെ എംജി രവിയെ പുതിയ പഞ്ചായത്ത് പ്രസിഡന്റായി തെരഞ്ഞെടുത്തു. നിരവധി തട്ടിപ്പ് കേസിൽ ഉൾപ്പെട്ടതിനെ തുടർന്ന് പുറത്ത് പോയ മുൻ പ്രസിഡന്റ് കെ പി പുന്നൂസ് പ്രസിഡന്റ് തെരഞ്ഞെടുപ്പിന് എത്തിയില്ല. അതോടൊപ്പം യുഡിഎഫിനെ പിന്തുണച്ചിരുന്ന രണ്ട് സ്വതന്ത്രരിൽ ഒരാൾ കൂടി എൽഡിഎഫിനെ പിന്തുണക്കുകയും ചെയ്തതോടെ എൽഡിഎഫ് പഞ്ചായത്ത് ഭരണം പിടിച്ചെടുക്കുകയായിരുന്നു.
കഴിഞ്ഞ ദിവസം കൊല്ലം കല്ലുവാതുക്കൽ പഞ്ചായത്തിൽ ബിജെപി പിന്തുണയോടെ യുഡിഎഫ് ഭരണം പിടിച്ചെടുത്തിരുന്നു. വികസന മുരടിപ്പിൻറെ പേരിൽ എൽഡിഎഫ് പിന്തുണയോടെ കൊണ്ടുവന്ന അവിശ്വാസ പ്രമേയത്തിലൂടെ ബിജെപിയെ താഴയിറക്കിയ കോൺഗ്രസ്, ബിജെപി പിന്തുണയോടെ തന്നെ ഒടുവിൽ അധികാരത്തിലെത്തി എന്നതാണ് ഏറ്റവും രസകരമായ സംഭവം.കൊല്ലം ജില്ലയിൽ ബിജെപി ഭരണമുള്ള ഏക പഞ്ചായത്തായിരുന്നു കല്ലുവാതുക്കൽ. 23 അംഗങ്ങളുള്ള പഞ്ചായത്തിൽ ബിജെപിക്ക് ഒൻപതും എൽഡിഎഫിന് ആറും യുഡിഎഫിന് എട്ടുമായിരുന്നു കക്ഷി നില. ഭരണത്തിൻറെ പിടിപ്പികേടും അഴിമതിയും ചൂണ്ടിക്കാട്ടി കഴിഞ്ഞമാസമാണ് യുഡിഎഫ് കൊണ്ടുവന്ന അവിശ്വാസപ്രമേയം എൽഡിഎഫ് പിന്തുണയോടെ പാസായത്.
പ്രസിഡൻറ്, വൈസ് പ്രസിഡൻറ് തെരഞ്ഞെടുപ്പിൽ ബിജെപി അംഗങ്ങളുടെ ചേരിതിരിഞ്ഞുള്ള നീക്കമായിരുന്നു പിന്നീട് കണ്ടത്. അഞ്ച് ബിജെപി അംഗങ്ങൾ യുഡിഎഫിനെ പിന്തുണച്ചപ്പോൾ ഭരണം മാറി. പാർട്ടി വിട്ട ബിജെപി വിമതരായ നാലുപേർ നിർത്തിയ സ്ഥാനാർത്ഥികളെ പിന്തുണച്ച് അവിശുദ്ധ കൂട്ടുകെട്ട് പേരിൽ എൽഡിഎഫും കക്ഷി ചേർന്നെങ്കിലും കളംപിടിച്ചത് യുഡിഎഫാണ്. രാഷ്ട്രീയ കൂറ് മാറ്റവും പ്രതിപക്ഷ അംഗങ്ങളുടെ നിസ്സഹകരണത്തിലും വാർഷിക ധനകാര്യ പത്രിക പോലും പാസാക്കാൻ പാടുപെടുന്ന പഞ്ചായത്തിൽ ഭരണം സ്തംഭിച്ച മട്ടിലാണ്.

# കാട്ടൂരിൽ കടലിൽ കാണാതായ മത്സ്യത്തൊഴിലാളിയുടെ മൃതദേഹം കണ്ടെത്തി

മാരാരിക്കുളം: മത്സ്യബന്ധനത്തിനിടെ കഴിഞ്ഞ തിങ്കളാഴ്ച പുലർച്ചെ കാണാതായ മത്സ്യതൊഴിലാളിയുടെ മൃതദേഹം പള്ളിത്തോട് ഭാഗത്ത് കണ്ടെത്തി. മാരാരിക്കുളം തെക്ക് പഞ്ചായത്ത് കാട്ടൂർ വാഴക്കൂട്ടത്തിൽ അലക്സാണ്ടറിന്റെ മകൻ ഫ്രാൻസിസിൻറെ (ജിബിച്ചൻ – 30) മൃതദേഹമാണ് ശനിയാഴ്ച രാവിലെ വള്ളക്കാർ കണ്ടെത്തിയത്.
തിങ്കളാഴ്ച പുലർച്ചെ കാട്ടൂർ പടിഞ്ഞാറ് കടലിൽ മത്സ്യബന്ധനത്തിനിടെ വല നീട്ടുന്നതിന് വള്ളത്തിൽനിന്നു കടലിലേക്ക് ഇറങ്ങിയപ്പോഴാണ് കാണാതായത്. കാട്ടൂരിൽ നിന്നു സുഹൃത്തുക്കൾ എത്തി മൃതദേഹം തിരിച്ചറിഞ്ഞു.
കാട്ടൂരിൽ നിന്നു കടലിൽ ഒന്നരകിലോമീറ്ററോളം ദൂരെയാണ് അപകടമുണ്ടായത്. കാട്ടൂർ സ്വദേശി പി. പ്രസാദിന്റെ ഉടമസ്ഥതയിലുള്ള മാലാഖ വള്ളത്തിൽ മറ്റ് 14 പേരുമായി പോയ ജിബിൻ വല നീട്ടുന്നതിന് കടലിൽ ഇറങ്ങിയപ്പോൾ താഴുകയായിരുന്നു. ഇതുകണ്ട് മറ്റ് രണ്ട് തൊഴിലാളികൾ രക്ഷിക്കുവാനായി ചാടിയെങ്കിലും പിടിക്കുവാൻ കഴിഞ്ഞില്ല. തുടർന്ന് മറ്റ് വള്ളക്കാരുടെ സഹായത്തോടെ തിരച്ചിൽ നടത്തിയിരുന്നു. തീരസംരക്ഷണ സേനയും ഫിഷറീസ് വകുപ്പിന്റെ എൻഫോഴ്സ്മെൻറ് വിഭാഗവും മട്ടാഞ്ചേരിയിൽ നിന്നു സ്വകാര്യ സ്ഥാപനത്തിൻറെ സ്കൂബ ഡൈവിങ് വിദഗ്ധരും തിരച്ചിൽ നടത്തിയെങ്കിലും ജിബിനെ കണ്ടെത്താൻ കഴിഞ്ഞിരുന്നില്ല.ഭാര്യ: ആര്യ. മകൻ: നിഷാൻ. സംസ്കാരം ശനിയാഴ്ച വൈകുന്നേരം കാട്ടൂർ സെൻറ് മൈക്കിൽസ് ദേവാലയ സെമിത്തേരിയിൽ.

# എം. കെ. പ്രേംനാഥ് കാലം മായ്ക്കാത്ത സോഷ്യലിസ്റ്റ് നേതാവ്

സോഷ്യലിസത്തിനായി ജീവിതം മാറ്റിവെച്ച നേതാവായിരുന്നു അന്തരിച്ച എം.കെ.പ്രേംനാഥ്. പത്താംക്ലാസു മുതൽ രാഷ്ട്രീയ പ്രവർത്തനത്തിലേക്കെത്തിയ അദ്ദേഹം അവസാന നാളുകൾ വരെ ജനങ്ങളോടൊപ്പം ചേർന്ന് അവർക്ക് വേണ്ടിയാണ് ജീവിച്ചത്. ഡോ.രാം മനോഹർ ലോഹ്യയും, ജോർജ്ജ് ഫെർണാണ്ടസും ഉയർത്തിപ്പിടിച്ച സോഷ്യലിസ്റ്റ് ആശയഗതിക്കുവേണ്ടിയാണ് അദ്ദേഹം ജീവിച്ചത്. വിദ്യാർത്ഥി രാഷ്ട്രീയത്തിലൂടെ കടന്ന് വന്ന് യുവജന സംഘടനാ നേതൃത്വത്തിലേക്കുയർന്ന് പിന്നീട് പാർട്ടിയുടെ സംസ്ഥാനത്തെ മുതിർന്ന നേതാക്കളിലൊരാളായി അദ്ദേഹം മാറി. നിസ്വാർത്ഥ പൊതുജീവിതം ആദർശ വിശുദ്ധി എന്നിവയെല്ലാം അദ്ദേഹം ഉയർത്തിപ്പിടിച്ചു. അടിയന്തിരാവസ്ഥക്കെതിരായി നടന്ന പോരാട്ടത്തിൽ പങ്കെടുത്ത് പോലീസിന്റെ ക്രൂരമായ മർദ്ദനത്തിനിരയായി. ആ മർദ്ദനത്തിന്റെ ബാക്കി പത്രമായി അദ്ദേഹം ആരോഗ്യ പ്രശ്നങ്ങളെ നേരിട്ടാണ് ജീവിച്ചത്.
ചിന്നിച്ചിതറിക്കിടന്ന സോഷ്യലിസ്റ്റുകളുടെ ഏകീകരണം അദ്ദേഹത്തിന്റെ വലിയ സ്വപ്നമായിരുന്നു. ഒരു കാലത്ത് സോഷ്യലിസ്റ്റ് നേതാക്കൾ പ്രധാനമന്ത്രിമാരായി വന്ന രാജ്യത്ത്, സോഷ്യലിസ്റ്റുകൾ ഭിന്നിച്ചു നിൽക്കുന്നത്കൊണ്ടാണ് രാജ്യത്തിന്റെ ഭരണ ചക്രം സോഷ്യലിസ്റ്റുകൾക്ക് നഷ്ടമായതെന്ന് അദ്ദേഹം പറയാറുണ്ടായിരുന്നു. ഉന്നത വിദ്യാഭ്യാസം നേടിയ അദ്ദേഹം പത്രാധിപരായും, സഹകാരിയായും സാംസ്കാരിക പ്രവർത്തനങ്ങളിലും സജീവമായിരുന്നു. ലാളിത്യമായിരുന്നു അദ്ദേഹത്തിന്റെ മുഖമുദ്ര. എം.എൽ.എ ആയിരിക്കുമ്പോഴും ആൾക്കൂട്ടത്തിന്റെ അകമ്പടികളൊന്നുമില്ലാതെ സാധാരണക്കാരനായി അദ്ദേഹം പൊതു രംഗത്ത് നിറഞ്ഞു നിന്നു.

നമ്മുടെ നിരത്തുകളിൽ നടന്നുപോകുന്ന അദ്ദേഹം ഒരു സ്ഥിരം കാഴ്ചയായിരുന്നു. പരിചയമുള്ളവരെയെല്ലാം സൗഹൃദത്തിന്റെ കൂടാരത്തിനകത്ത് ചേർത്ത് നിർത്തുന്ന രീതിയായിരുന്നു അദ്ദേഹത്തിന്റേത്. എം.എൽ.എ ആയിരിക്കുമ്പോൾ വടകരയുടെ വികസനത്തിനായി നല്ല ഇടപെടലുകൾ അദ്ദേഹം നടത്തുകയുണ്ടായി. അഭിഭാഷകനായും നല്ല സേവനമാണ് അദ്ദേഹം നടത്തിയത്. കോഴിക്കോട് നഗരത്തിലും വ്യത്യസ്ത സംഘടനകളുടെ പരിപാടികളിലും അദ്ദേഹം പങ്കെടുക്കാറുണ്ടായിരുന്നു. സാംസ്കാരിക പരിപാടികളിലും നിറസാന്നിധ്യമായിരുന്നു. രാഷ്ട്രീയത്തിൽ ലാളിത്യവും, ആദർശ വിശുദ്ധിയും കുറയുന്ന കാലത്ത്, അതൊന്നും അസ്തമിച്ചിട്ടില്ലെന്ന് ഉറക്കെ പറയുന്ന മഹത് വ്യക്തിത്വമായിരുന്നു അദ്ദേഹത്തിന്റേത്. മാനവ സമൂഹത്തന്റെ തുല്യതയുടെ സങ്കൽപമായ സോഷ്യലിസത്തെ കുഞ്ഞുനാളിലേ നെഞ്ചേറ്റിയ എം.കെ.പ്രേംനാഥ് മരണം വരെ അതിൽ അടിയുറച്ച് നിന്നു.

ആശയ തീവ്രതയിലധിഷ്ഠിതമായ നിലപാടുകളിൽ ഉറച്ചു നിന്ന കരുത്തനായ സോഷ്യലിസ്റ്റായിരുന്നു അദ്ദേഹം. പീപ്പിൾസ് റിവ്യൂവുമായി വലിയ ആത്മബന്ധമാണ് അദ്ദേഹത്തിനുണ്ടായിരുന്നത്. അദ്ദേഹത്തിന്റെ വിയോഗം പൊതു സമൂഹത്തിന് വലിയ നഷ്ടമാണ്. ഞങ്ങൾ അഗാധമായ അനുശോചനം രേഖപ്പെടുത്തുന്നു.

# കെ.എസ്.ഇ.ബിയുടെ ഏരിയൽ ലിഫ്റ്റ് വാഹനങ്ങൾക്ക് അനുമതി നൽകാത്ത എം.വി.ഡി നിലപാടിൽ ഇടപെട്ട് മന്ത്രി ആന്റണി രാജു



കെ.എസ്.ഇ.ബി വാങ്ങിയ ഏരിയൽ ലിഫ്റ്റ് വാഹനങ്ങൾക്ക് രജിസ്ട്രേഷൻ അനുവദിക്കാത്ത മോട്ടോർ വാഹന വകുപ്പ് നിലപാടിൽ ഗതാഗത മന്ത്രി ഇടപെട്ടു. കെ.എസ്.ഇ.ബിയുടെ ആവശ്യം പ്രത്യേകമായി പരിശോധിച്ച് നടപടിയെടുക്കുമെന്ന് മന്ത്രി ആൻറണി രാജു നിർദേശിച്ചു. മീഡിയവൺ സംപ്രേഷണം ചെയ്ത 'ഏണിയാകുന്ന വകുപ്പുകൾ' അന്വേഷണ പരമ്പരയിലൂടെയാണ് വാർത്ത ശ്രദ്ധയിൽപ്പെട്ടതെന്നും മന്ത്രി പ്രതികരിച്ചു.നാലു കോടി 21 ലക്ഷം രൂപക്ക് കെ.എസ്.ഇ.ബി വാങ്ങിയ 25 ഏരിയൽ ലിഫ്റ്റ് വാഹനങ്ങളാണ് സാങ്കേതിക പ്രശ്നം കാരണം എംവിഡി രജിസ്ട്രേഷൻ അനുവദിക്കാത്തത്.
ആറു മാസമായി വെറുതെ പൊടിപിടിച്ച് കിടക്കുന്ന വാഹനങ്ങളുടെ ദൃശ്യം പുറത്തുവിട്ടിരുന്നു. വാഹനങ്ങൾക്ക് സർക്കാരിന്റെ പ്രത്യേക അധികാരമുപയോഗിച്ച് അനുമതി നൽകട്ടേയെന്ന കത്ത് എംവിഡി ഗതാഗത സെക്രട്ടറിക്ക് അയച്ചിട്ടുണ്ട്. ഫയൽ മുമ്പിലെത്തിയില്ലെങ്കിലും കെഎസ്ഇബിയുടെ ആവശ്യത്തിൽ ഇടപെടുമെന്ന് മന്ത്രി ആന്റണി രാജു ഉറപ്പ് നൽകി.
ഏണിക്ക് പകരമായി ഉപയോഗിക്കാനാണ് ഏരിയൽ ലിഫ്റ്റ് വാഹനങ്ങൾ വാങ്ങിയത്. രണ്ടു വകുപ്പുകൾ പോരടിച്ചതോടെ അത് ഏണിയായി. ആധുനിക കാലത്ത് ആധുനിക സംവിധാനങ്ങളോട് സാങ്കേതികതയുടെ പേരിലെ മുഖം തിരിക്കൽ നല്ലതല്ലെന്ന അഭിപ്രായമാണ് പല കോണുകളിൽ നിന്നായി ഉയരുന്നത്. അതിനാൽ ഗാതഗത മന്ത്രിയുടെ വാക്കുകളെ പ്രതീക്ഷയോടെയാണ് കെ.എസ്.ഇബി കാണുന്നത്.

# വീണാ ജോർജിനെതിരായ സ്ത്രീവിരുദ്ധ പരാമർശം തിരുത്തി കെ.എം ഷാജി

ദമ്മാം: ആരോഗ്യമന്ത്രി മന്ത്രി വീണാ ജോർജ്ജിനെതിരായ പരാമർശത്തിൽ തിരുത്തുമായി മുസ്‌ലിം ലീഗ് നേതാവ് കെ.എം ഷാജി. 'സാധനം' എന്ന പ്രയോഗം പിൻവലിക്കുന്നു. എന്നാൽ ആരോഗ്യ മന്ത്രിക്ക് അന്തവും, കുന്തവും ഇല്ല എന്നത് താൻ പറഞ്ഞു കൊണ്ടേയിരിക്കുമെന്നും കെ.എം ഷാജി പറഞ്ഞു. ദമ്മാമിൽ സംഘടിപ്പിച്ച കെ.എം.സി.സി കണ്ണൂർ ജില്ലാ സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു ഷാജി.
ആരോഗ്യ മന്ത്രിക്ക് വകുപ്പിനെ കുറിച്ച് അന്തവും കുന്തവും ഇല്ല. വാക്കിൽ തൂങ്ങി കളിക്കൽ ഫാസിസ്റ്റ് തന്ത്രമാണ്. സ്ത്രീ എന്ന നിലക്കല്ല, മനുഷ്യന് വിഷമം ഉണ്ടാകുന്ന പരാമർശം പറയാൻ താൻ ആഗ്രഹിക്കുന്നില്ല. മന്ത്രി ആ ഘട്ടത്തിൽ വിഷമം അറിയിച്ചിരുന്നില്ല. അതുകൊണ്ട് അന്ന് തിരുത്തിയില്ല. ഇപ്പോൾ ആ വാക്ക് തിരുത്തുന്നു എന്നും അദ്ദേഹം പറഞ്ഞു. ദിവസവും ക്ലിഫ് ഹൗസിലെ സ്വിമ്മിങ് പൂളിൽ കഴുകിയിട്ടും വൃത്തിയാകാത്ത കേരളത്തിലെ ഏറ്റവും വലിയ മാലിന്യമെന്നും ഡി.വൈ.എഫ്.ഐക്ക് ഷാജി മറുപടി പറഞ്ഞു.

# 'ബി.ജെ.പി ബന്ധവുമായി മുന്നണിയിൽ തുടരാനാകില്ല'; ജെ.ഡി.എസിന് സി.പി.എം താക്കീത്



തിരുവനന്തപുരം: ബി.ജെ.പി സഖ്യത്തിൽ ജെ.ഡി.എസ് സംസ്ഥാന ഘടകത്തിനു താക്കീതുമായി സി.പി.എം. ബി.ജെ.പിയുമായി ബന്ധമുള്ള പാർട്ടിയായി ഇടതു മുന്നണിയിൽ തുടരാനാകില്ലെന്ന് മുന്നറിയിപ്പ് നൽകിയിട്ടുണ്ട്.

അടിയന്തരമായി പ്രശ്നം പരിഹരിക്കാനും നിർദേശമുണ്ട്.
ജെ.ഡി.എസ് സംസ്ഥാന നേതൃത്വത്തെയാണ് സി.പി.എം ഇക്കാര്യം അറിയിച്ചത്. കഴിഞ്ഞ കുറേ കാലമായി ആഭ്യന്തര പ്രശ്നത്തിൽ ഉഴലുകയാണ് ജെ.ഡി.എസ് സംസ്ഥാന നേതൃത്വം. ഇതിനിടയിലാണു കുനിന്മേൽ കുരുവായി ദേശീയ നേതൃത്വത്തിന്റെ പുതിയ രാഷ്ട്രീയനീക്കം നടക്കുന്നത്. എൻ.ഡി.എ സഖ്യത്തിൽ ചേരുന്നതിൽ കേരള ഘടകം നേരത്തെ തന്നെ എതിർപ്പ് അറിയിച്ചിരുന്നു. എന്നാൽ, ഇതു ദേശീയ നേതൃത്വം മുഖവിലയ്ക്കെടുത്തിട്ടില്ല. ഇതോടെയാണ് കേരള ഘടകത്തിൽ പ്രതിസന്ധി മൂർച്ഛിച്ചിരിക്കുന്നത്. ജെ.ഡി.എസിനെ ചൂണ്ടിക്കാട്ടി സംസ്ഥാന സർക്കാരിനെതിരെ പ്രതിപക്ഷവും ആക്രമണം ശക്തമാക്കിയിട്ടുണ്ട്. കേരളം ഭരിക്കുന്നത് എൻ.ഡി.എ – എൽ.ഡി.എഫ് സർക്കാരാണെന്ന് പ്രതിപക്ഷം ആരോപിച്ചിരുന്നു. സി.പി.എം ഇടപെടലിനു പിന്നാലെ പ്രശ്നപരിഹാരത്തിന് ജെ.ഡി.എസ് തിരക്കിട്ട നീക്കങ്ങൾ ആരംഭിച്ചിട്ടുണ്ട്.
സെപ്റ്റംബർ 22നാണ് മുൻ പ്രധാനമന്ത്രിയും ജെ.ഡി.എസ് ആചാര്യനുമായ എച്ച്.ഡി ദേവഗൗഡയും മകനും മുൻ കർണാടക മുഖ്യമന്ത്രിയുമായ കുമാരസ്വാമിയും കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷായുമായി കൂടിക്കാഴ്ച നടത്തിയത്. ഇതിനു പിന്നാലെ ജെ.ഡി.എസ് എൻ.ഡി.എ സഖ്യത്തിൽ ചേരാൻ തീരുമാനിച്ച വിവരം പരസ്യമാക്കുകയായിരുന്നു.

# 'അഴിമതിക്കാരായ എല്ലാ ഉദ്യോഗസ്ഥർക്കും ഇതൊരു പാഠമാകട്ടെ'; പ്രധാനമന്ത്രിക്ക് നന്ദിയറിയിച്ച് വിശാൽ



മാർക്ക് ആന്റണി എന്ന ചിത്രത്തിന്റെ ഹിന്ദി പതിപ്പിന് സെൻസർ സർട്ടിഫിക്കറ്റ് ലഭിക്കാൻ കൈക്കൂലി നൽകേണ്ടിവന്നു എന്ന നടൻ വിശാലിന്റെ വെളിപ്പെടുത്തൽ ഞെട്ടലോടെയാണ് സിനിമാലോകം കേട്ടത്. ഇത് ശ്രദ്ധയിൽപ്പെട്ട വാർത്താ വിനിമയ പ്രക്ഷേപണ മന്ത്രാലയം സംഭവത്തിൽ അന്വേഷണവും പ്രഖ്യാപിച്ചു. തന്റെ പരാതിയിൽ ഉടനടി നടപടി സ്വീകരിച്ച പ്രധാനമന്ത്രി നരേന്ദ്ര മോദി, മഹാരാഷ്ട്ര മുഖ്യമന്ത്രി ഏക്നാഥ് ഷിൻഡേ എന്നിവർക്ക് നന്ദിയറിയിച്ചിരിക്കുകയാണ് വിശാൽ.
മുംബൈ സെൻട്രൽ ബോർഡ് ഓഫ് ഫിലിം സർട്ടിഫിക്കറ്റിൽ നടന്ന അഴിമതിയുമായി ബന്ധപ്പെട്ട് താൻ ഉന്നയിച്ച സുപ്രധാന വിഷയങ്ങളിൽ അടിയന്തരനടപടികൾ സ്വീകരിച്ചതിന് വാർത്താ വിനിമയ പ്രക്ഷേപണ മന്ത്രാലയത്തോട് നന്ദി പറയുന്നുവെന്ന് വിശാൽ ഔദ്യോ?ഗിക എക്സ് അക്കൗണ്ടിൽ കുറിച്ചു. അഴിമതിക്കാരോ അഴിമതി നടത്താൻ ഉദ്ദേശിക്കുന്നവരോ ആയ സർക്കാർ ഉദ്യോഗസ്ഥർ ഇതൊരു ഉദാഹരണമായെടുക്കണം. സർക്കാർ ഉദ്യോഗസ്ഥർ നേരായ വഴിയിലൂടെ രാജ്യത്തെ സേവിക്കണമെന്നും അഴിമതിയുടെ പടവുകൾ തിരഞ്ഞെടുക്കരുതെന്നും വിശാൽ എഴുതി.
പ്രധാനമന്ത്രി നരേന്ദ്ര മോദി, മഹാരാഷ്ട്ര മുഖ്യമന്ത്രി ഏക്നാഥ് ഷിൻഡേ എന്നിവരോടുള്ള നന്ദിയും വിശാൽ പ്രകടിപ്പിക്കുന്നുണ്ട്. അഴിമതിക്ക് ഇരയായ ആളുകൾക്ക് നീതി ലഭിക്കുമെന്നത് തന്നെപ്പോലുള്ള ഒരു സാധാരണക്കാരന് സംതൃപ്തി നൽകുന്നുവെന്ന് പറഞ്ഞുകൊണ്ടാണ് വിശാൽ കുറിപ്പ് അവസാനിപ്പിക്കുന്നത്.
ഈ മാസം 28–ാം തീയതിയാണ് സെൻസർ ബോർഡിനെതിരെ വിശാൽ കൈക്കൂലി ആരോപണമുന്നയിച്ചത്.

മാർക്ക് ആന്റണി എന്ന ചിത്രത്തിന്റെ ഹിന്ദി പതിപ്പിന് സെൻസർ സർട്ടിഫിക്കറ്റ് ലഭിക്കാൻ ആറര ലക്ഷം രൂപ കൈക്കൂലി കൊടുത്തുവെന്നായിരുന്നു വിശാൽ എക്സിൽ വീഡിയോ പോസ്റ്റ് ചെയ്തത്. മഹാരാഷ്ട്ര മുഖ്യമന്ത്രിയേയും പ്രധാനമന്ത്രി നരേന്ദ്ര മോദിയേയും ടാ?ഗും ചെയ്തിരുന്നു. ചിത്രം റിലീസ് ചെയ്യാൻ മൂന്നു ലക്ഷവും യു/എ സർട്ടിഫിക്കറ്റ് ലഭിക്കാൻ മൂന്നര ലക്ഷം രൂപയും താൻ നൽകിയെന്ന് നടൻ പറഞ്ഞിരുന്നു. പണം ട്രാൻസ്ഫർ ചെയ്ത അക്കൗണ്ട് വിവരങ്ങളും വിശാൽ പുറത്തുവിട്ടിരുന്നു.
വെള്ളിത്തിരയിൽ അഴിമതി കാണിക്കുന്നത് കുഴപ്പമില്ല. എന്നാൽ യഥാർഥ ജീവിതത്തിൽ ശരിയല്ല. അത് അംഗീകരിക്കാനാകില്ല, പ്രത്യേകിച്ച് സർക്കാർ ഓഫീസുകളിൽ. അതിലും മോശമായത് സിബിഎഫ്സി മുംബൈ ഓഫിസിൽ സംഭവിച്ചു. എന്റെ ചിത്രം മാർക്ക് ആന്റണിയുടെ ഹിന്ദി പതിപ്പിന് 6.5 ലക്ഷം രൂപ നൽകേണ്ടിവന്നു. രണ്ട് ഇടപാടുകൾ നടത്തി. സ്ക്രീനിങ്ങിന് മൂന്ന് ലക്ഷവും സർട്ടിഫിക്കറ്റിനായി 3.5 ലക്ഷവും നൽകി. എന്റെ കരിയറിൽ ഒരിക്കലും ഇത്തരമൊരു അവസ്ഥ നേരിട്ടിട്ടില്ല. ഇടനിലക്കാരിക്ക് പണം കൊടുക്കുകയല്ലാതെ വേറെ വഴിയില്ലായിരുന്നു എന്നാണ് വിശാൽ പറഞ്ഞത്.
താൻ നൽകിയ പണത്തിൽ ആർക്കൊക്കെ പങ്കുണ്ടെന്ന് അറിയില്ലെന്നും സത്യം പുറത്തുവരാൻ നൽകിയ വിലയാണ് ആറുലക്ഷമെന്നും വിശാൽ പറഞ്ഞു.

സിനിമയിൽ മാത്രമല്ല താൻ അഴിമതിക്കെതിരെ പോരാടുന്നതെന്നും താരം വ്യക്തമാക്കിയിരുന്നു.


വായിക്കുക...
വരിക്കാരാവുക...

സത്യത്തിൻസാക്ഷി ധർമ്മത്തിൽ പാതയിൽ
പീപ്പിൾസ് റിവ്യൂ ദിനപത്രം
Estd : 2007
email: peoplesreviewdaily@gmail.com

പ്രവാസത്തിന് പുതിയ അർത്ഥതലങ്ങൾ....
പ്രവാസി റിവ്യൂ മാഗസിൻ
email: pravasireviewmagazine@gmail.com

മഹിളാവീഥി മാഗസിൻ

www.peoplesreview.co.in
Peoples Review

P.B. No. 15, Limra Tower, Panikkar Road, Kozhikod - 673001
Ph: 0495 2769086, 9037319971, 8547369086

## 'മണിപ്പൂർ കത്തുന്നു; ജനരോഷവും പ്രതിഷേധവും പ്രവഹിക്കുന്നു'

# സ്വന്തം സർക്കാരിനെതിരെ ബിജെപി

ഇംഫാൽ: മണിപ്പൂരിൽ കലാപം തുടരുന്ന സാഹചര്യത്തിൽ സ്വന്തം സർക്കാരിനെതിരെ ബിജെപി രംഗത്ത്. കലാപം നിയന്ത്രിക്കുന്നതിൽ സർക്കാർ പരാജയപ്പെട്ടെന്നു വ്യക്തമാക്കി സംസ്ഥാനത്തെ ബിജെപി നേതാക്കൾ ദേശീയ അധ്യക്ഷൻ ജെപി നഡ്ഡയ്ക്ക് കത്തയച്ചു. ദേശീയ നേതൃത്വത്തിന്റെ ഇടപെടൽ വിഷയത്തിൽ അടിയന്തരമായി ഉണ്ടാകണമെന്നും നേതാക്കൾ കത്തിൽ ചൂണ്ടിക്കാണിച്ചു.

സർക്കാരിനെതിരെ വൻ തോതിൽ ജനരോഷം ഉയരുകയാണ്. പ്രതിഷേധത്തിന്റെ വേലിയറ്റം തന്നെയാണ് സർക്കാരിനെതിരെയുള്ളതെന്നും കത്തിലുണ്ട്. സംസ്ഥാന അധ്യക്ഷ ശാരദാ ദേവിയുടെ നേതൃത്വത്തിലുള്ള പാർട്ടിയുടെ എട്ട് പ്രമുഖ ഭാരവാഹികൾ കത്തിൽ ഒപ്പിട്ടിട്ടുണ്ട്. കലാപം 150 ദിവസമായതിനു പിന്നാലെയാണ് അതൃപ്തി വ്യക്തമാക്കി നേതാക്കൾ ദേശീയ നേതൃത്വത്തെ സമീപിച്ചത്.

പ്രധാനമന്ത്രി നരേന്ദ്ര മോദിയുമായി സംസ്ഥാന നേതാക്കൾക്ക് ആശയ വിനിമയം



ഫയൽ ചിത്രം

നടത്തണം. കേന്ദ്ര, സംസ്ഥാന സർക്കാരുകൾ, സുരക്ഷാ സേനകൾ ഉൾപ്പെടെയുള്ളവരുടെ കാര്യക്ഷമമായ ഇടപെടലുകൾ അനിവാര്യമാണ്. ക്രമസമാധാന പരിപാലനത്തിൽ നിന്നു സംസ്ഥാന സർക്കാരിനെ മാറ്റി കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിനു മേൽക്കൈ നൽകുന്ന തരത്തിൽ കാര്യങ്ങൾ ക്രമീകരിക്കണം.

ഗവർണറുടെ നേതൃത്വത്തിൽ രൂപീകരിച്ച സമിതിയുടെ സമാധന യോഗങ്ങൾ ചേരുന്നില്ല. തുടർ നടപടികളും ഉണ്ടാകുന്നില്ല. പാലയനം ചെയ്തവരെ തിരികെ എത്തിക്കുന്നതിലും അവർക്ക് നഷ്ടപ്പെട്ട വീടുകൾ ഉൾപ്പെടെയുള്ളവ പുനർ നിർമിച്ചു നൽകുന്നതിനും അടിയന്തര ഇടപെടൽ ഉണ്ടാകണം.

ദേശീയ പാതകളിൽ ഗതാഗതം സാധാരണ നിലയിലാക്കേണ്ടതിന്റെ ആവശ്യകതയും പ്രശ്നങ്ങളുണ്ടാക്കുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കേണ്ടതിന്റെ ആവശ്യകതയും കത്തിൽ എടുത്തു പറയുന്നു. കുടിയൊഴിപ്പിക്കപ്പെട്ടവരെ പുനരധിവസിപ്പിക്കണം. വീടുകൾ നഷ്ടപ്പെട്ടവർക്ക് ഉചിതമായ നഷ്ട പരിഹാരം നൽകണം .

ഇംഫാൽ ഈസ്റ്റിലെ മുഖ്യമന്ത്രി എൻ ബിരേൻ സിങ്ങിന്റെ കുടുംബ വസതിയും ഇംഫാൽ വെസ്റ്റിലെ ബിജെപി എംഎൽഎയുടെ വീടും ഒരേസമയം ആക്രമിക്കാൻ ആയുധധാരികളായ ജനക്കൂട്ടം ശ്രമിച്ചിരുന്നു. ഇതിനു പിന്നാലെയാണ് സാഹചര്യം കൈകാര്യം ചെയ്യുന്നതിൽ സർക്കാരിനു വീഴ്ച സംഭവിച്ചതായി നേതാക്കൾ തുറന്നടിച്ചത്.

സംസ്ഥാനത്തെ സാധാരണ നിലയിലേക്ക് എത്തിക്കാൻ സർക്കാർ രാവും പകലും ശ്രമിക്കുന്നുണ്ട്. പക്ഷേ അതൊന്നും ഫലം കാണുന്നില്ല. സ്ഥിതിഗതികൾ കൈകാര്യം ചെയ്യുന്നതിൽ സർക്കാർ നിരന്തരം പരാജയപ്പെടുന്നു.

ജനങ്ങൾ ഓരോ ദിവസവും തള്ളി നീക്കാൻ അങ്ങേയറ്റം ബുദ്ധിമുട്ടുകയാണ്. ഇത്തരം കാര്യങ്ങളെല്ലാം പ്രതിസന്ധിയായി നിൽക്കുന്നു- കത്തിൽ വ്യക്തമാക്കുന്നു.

## ഗണേശ നിമജ്ജന ഘോഷയാത്രയിൽ ഉച്ചത്തിൽ പാട്ട് വെയ്ക്കരുതെന്ന് ആവശ്യപ്പെട്ടു; കുടുംബത്തിന് ക്രൂരമർദ്ദനം

മുംബൈ: മകൻ മരിച്ചതിനാൽ വീടിന് സമീപത്തുകൂടി ഉച്ചത്തിൽ പാട്ട് വെച്ച് പോകരുതെന്ന് പറഞ്ഞ കുടുംബത്തിന് നേരെ ആക്രമണം. ഗണേശോത്സവത്തോടനുബന്ധിച്ചുള്ള ഘോഷയാത്രയിലാണ് ഉച്ചത്തിൽ പാട്ടുവെച്ചിരുന്നത്.

വീടിന് സമീപത്തു കൂടി ഘോഷയാത്ര പോകുന്നതിനിടെയാണ് കുടുംബം ഉച്ചത്തിൽ പാട്ട് വെയ്ക്കുന്നത് നിർത്താൻ ആവശ്യപ്പെട്ടത്. വീട്ടിൽ മകൻ മരിച്ചതിന്റെ വിഷമത്തിലാണ് കുടുംബാംഗങ്ങളെന്നും പാട്ട് വെയ്ക്കരുതെന്നും അച്ഛനാണ് ഘോഷയാത്ര സംഘടിപ്പിച്ചവരോട് പറഞ്ഞത്. ഇതിൽ രോഷാകുലരായ 21 അംഗ സംഘമാണ് കുടുംബത്തെ ക്രൂരമായി ആക്രമിച്ചതെന്ന് പൊലീസ് പറയുന്നു.

മഹാരാഷ്ട്ര പുനെയിൽ ഞായറാഴ്ചയാണ് സംഭവം. സുനിൽ ഷിൻഡെയുടെ മകനാണ് അടുത്തിടെ മരിച്ചത്. വീടിന് സമീപത്തുകൂടി ഉച്ചത്തിൽ പാട്ട് വെച്ച് ഘോഷയാത്ര പോകുന്നതിനിടെയാണ്, സുനിൽ ഷിൻഡെ മകൻ മരിച്ച കാര്യം സംഘാടകരോട് പറഞ്ഞത്.

മകൻ മരിച്ചതിന്റെ വിഷമത്തിലാണ് കുടുംബാംഗങ്ങൾ, അതിനാൽ പാട്ട് ഉച്ചത്തിൽ വെയ്ക്കരുതെന്ന് ആവശ്യപ്പെട്ടു.

ഗണേശ വിഗ്രഹം നിമജ്ജനം ചെയ്ത ശേഷം മടങ്ങിയെത്തിയ സംഘം ഇരുമ്പ് വടി അടക്കം മൂർച്ചയേറിയ ആയുധങ്ങൾ ഉപയോഗിച്ചാണ് കുടുംബത്തെ മർദ്ദിച്ചതെന്ന് പൊലീസ് പറയുന്നു. ഗുരുതരമായി പരിക്കേറ്റ കുടുംബം ആശുപത്രിയിൽ ചികിത്സയിലാണ്.

സംഭവത്തിൽ 21 പേർക്കെതിരെ വധശ്രമം അടക്കം വിവിധ വകുപ്പുകൾ അനുസരിച്ച് കേസെടുത്തതായും അറസ്റ്റ് രേഖപ്പെടുത്തിയതായും പൊലീസ് അറിയിച്ചു.

## 30 രൂപയെച്ചൊല്ലി തർക്കം; 17കാരനെ കഴുത്തു ഞെരിച്ചു കൊന്നു

ബാഘ്പാത് (ഉത്തർപ്രദേശ്): മുപ്പതു രൂപയെച്ചൊല്ലിയുള്ള തർക്കത്തെത്തുടർന്ന് പതിനേഴുകാരനെ കഴുത്തു ഞെരിച്ചു കൊന്നു. ഉത്തർപ്രദേശിലെ ബാഘ്പാതിലാണ് സംഭവം. അന്വേഷണം തുടങ്ങിയതായി പൊലീസ് അറിയിച്ചു.മുപ്പതു രൂപയെച്ചൊല്ലി മൂന്നു പേർ തമ്മിലുണ്ടായ തർക്കമാണ് കൊലപാതകത്തിൽ എത്തിയത്. പതിനൊന്നാം ക്ലാസ് വിദ്യാർഥിയായ ഋത്വിക് ആണ് മരിച്ചത്. ഇയാളുടെ ശരീരത്തിൽ മറ്റു പരിക്കുകളില്ല. കഴുത്തു ഞെരിച്ചു ശ്വാസം മുട്ടിച്ചാണ് കൊല നടത്തിയതെന്നാണ് പ്രാഥമിക നിഗമനം.മരിച്ച ഋത്വിക്കിന്റെ ഗ്രാമത്തിൽ തന്നെയുള്ളവരാണ് പ്രതികളെന്ന് ബരൗത് പൊലീസ് പറഞ്ഞു. വെള്ളിയാഴ്ച രാത്രിയാണ് സംഭവം. മൃതദേഹം പോസ്റ്റ്മോർട്ടത്തിനായി അയച്ചിരിക്കുകയാണ്.

## ഡൽഹിയിൽ മലയാളി വ്യവസായിയെ കൊന്ന് മരത്തിൽ കെട്ടിത്തൂക്കി

ന്യൂഡൽഹി: മലയാളി സാമൂഹിക പ്രവർത്തകനെ ഡൽഹിയിൽ കൊലപ്പെടുത്തി മരത്തിൽ കെട്ടിത്തൂക്കിയ നിലയിൽ കണ്ടെത്തി. വ്യവസായിയും എസ്.എൻ.ഡി.പി ദ്വാരക ശാഖാ സെക്രട്ടറിയുമായ പി.പി സുജാതൻ(60) ആണ് കൊല്ലപ്പെട്ടത്. തിരുവല്ല സ്വദേശിയാണ്.

ദക്ഷിണ പടിഞ്ഞാറൻ ഡൽഹിയിലെ ദ്വാരക മോറിലാണു സംഭവം. കക്രോള പാർക്കിലെ ഒരു മരത്തിൽ കെട്ടിത്തൂക്കിയ നിലയിലായിരുന്നു മൃതദേഹം. ഹരിനഗർ ദീനദയാൽ ആശുപത്രിയിലേക്ക് മൃതദേഹം മാറ്റിയിട്ടുണ്ട്. കവർച്ചയ്ക്കുള്ള ശ്രമത്തിനിടെ



യാണു കൊലപാതകമെന്നാണു സൂചന. സംഭവത്തിൽ ദ്വാരക പൊലീസ് അന്വേഷണം ആരംഭിച്ചു.

വർഷങ്ങളായി ദ്വാരകയിലാണ് സുജാതൻ താമസിക്കുന്നത്. വ്യാഴാഴ്ച രാത്രി ഒൻപതു മണിയോടെയാണ് ഒരു ബിസിനസ് ആവശ്യത്തിനായി ജെയ്പൂരിലേക്കു പോകുന്നെന്നു പറഞ്ഞു വീട്ടിൽനിന്ന് ഇറങ്ങിയത്. എന്നാൽ, ഇന്നലെ രാവിലെ വീടിനു തൊട്ടടുത്തുള്ള പാർക്കിൽ നടക്കാനിറങ്ങിയവരാണു മരത്തിൽ കെട്ടിത്തൂക്കിയ നിലയിൽ ഒരു മൃതദേഹം കണ്ടെത്തിയത്. ഇവർ പൊലീസിൽ വിവരമറിയിക്കുകയായിരുന്നു.

ശരീരത്തിൽ നിറയെ മുറിവുകളുണ്ടായിരുന്നു. സുജാതന്റെ വാലറ്റും മൊബൈൽ ഫോണും കാണാതായിട്ടുണ്ട്. പോസ്റ്റ്മോർട്ടം ഇന്നു നടക്കും.

പ്രീതിയാണ് ഭാര്യ. ശാന്തിപ്രിയ, അമൽ മക്കളുമാണ്.

## പാർട്ടിവിരുദ്ധ പ്രവർത്തനം; കശ്മീർ ബി.ജെ.പിയിൽ എട്ടുനേതാക്കൾക്കെതിരെ നടപടി

ശ്രീനഗർ: കശ്മീരിൽ നേതാക്കൾക്കെതിരെ കൂട്ടനടപടിയുമായി ബി.ജെ.പി. പാർട്ടിവിരുദ്ധ പ്രവർത്തനം നടത്തിയെന്ന് ആരോപിച്ചാണു നടപടി. എട്ടു നേതാക്കൾക്കാണ് ബി.ജെ.പി അച്ചടക്ക സമിതി നോട്ടിസ് അയച്ചിരിക്കുന്നത്.

അൽത്താഫ് താക്കൂർ, അലി മുഹമ്മദ് മീർ, ജി.എം മീർ, ആസിഫ് മസൂദി, ആരിഫ് രാജ, അൻവർ ഖാൻ, മൻസൂർ ഭട്ട്, ബിലാൽ പരായ് എന്നീ നേതാക്കൾക്കാണ് കാരണം കാണിക്കൽ നോട്ടിസ് നൽകിയത്. സോഫി യൂസുഫ് എന്ന നേതാവിനെതിരായ അന്വേഷണത്തിന്റെ ഭാഗമായാണ് എട്ടു നേതാക്കൾ കൂടി ഗുരുതരമായ അച്ചടക്കലംഘനം നടത്തിയതായി കണ്ടെത്തിയത്. ഗുരുതരമായ ആരോപണങ്ങളാണ് ഈ നേതാക്കൾക്കെതിരെ ഉയർന്നിരിക്കുന്നതെന്നാണ് പാർട്ടി വൃത്തങ്ങൾ നൽകുന്ന വിവരം.

ഈ നേതാക്കന്മാരുടെ പ്രവർത്തനങ്ങൾ കാരണം പാർട്ടി നേതൃത്വത്തിൽ ജനങ്ങൾക്ക് അവിശ്വാസം രൂപപ്പെട്ടതായി അച്ചടക്ക സമിതിയുടെ നോട്ടിസിൽ പറയുന്നു. പാർട്ടിയിലെ പദവിയും സംഭാവനകളും പരിഗണിച്ച് ഒരു അവസരം കൂടി നൽകാൻ തീരുമാനിച്ചിരിക്കുകയാണ്. ചെയ്ത പ്രവൃത്തികളിൽ നിരുപാധികമായി മാപ്പുപറയണം. ഭാവിയിൽ ഇത്തരം നടപടികൾ ആവർത്തിച്ചാൽ പാർട്ടി പദവിയിൽനിന്നും പ്രാഥമികാംഗത്വത്തിൽനിന്നു വരെ പുറത്താക്കാനുള്ള നടപടികളുണ്ടാകുമെന്നും കാരണംകാണിക്കൽ നോട്ടിസിൽ മുന്നറിയിപ്പുണ്ട്.

സുനിൽ സേത്തി അധ്യക്ഷനായ ബി.ജെ.പി അച്ചടക്ക സമിതിയുടേതാണു നടപടി. അസീം ഗുപ്ത, രേഖ മഹാജൻ എന്നിവർ സമിതിയിൽ അംഗങ്ങളാണ്.

## അവിവാഹിതയായ മകൾ ഗർഭിണി, മകളെ ക്രൂരമായികൊന്ന ശേഷം കത്തിച്ചു; അമ്മയും സഹോദരനും അറസ്റ്റിൽ

ലക്നൗ: ഉത്തർപ്രദേശിൽ ഗർഭിണിയായ 19കാരിയെ കഴുത്തുമുറിച്ചതിന് ശേഷം പെട്രോൾ ഒഴിച്ച് തീകൊളുത്തി. സംഭവത്തിൽ പെൺകുട്ടിയുടെ അമ്മയെയും സഹോദരനെയും പൊലീസ് അറസ്റ്റ് ചെയ്തു. കുടുംബത്തിന്റെ അഭിമാനം സംരക്ഷിക്കാൻ എന്ന പേരിലാണ് ക്രൂരകൃത്യം ചെയ്തതെന്ന് പൊലീസ് പറയുന്നു.മീററ്റ് ഹാപൂരിലെ ബഹദൂർഗഡ് മേഖലയിൽ വ്യാഴാഴ്ച വൈകീട്ടാണ് സംഭവം. 80 ശതമാനം പൊള്ളലേറ്റ പെൺകുട്ടിയുടെ നില ഗുരുതരമായി തുടരുന്നതായി ആശുപത്രി അധികൃതർ അറിയിച്ചു. സംഭവത്തിൽ വധശ്രമം അടക്കമുള്ള വകുപ്പുകൾ അനുസരിച്ചാണ് പെൺകുട്ടിയുടെ അമ്മയ്ക്കും സഹോദരനുമെതിരെ കേസെടുത്തത്. പെൺകുട്ടി ആറുമാസം ഗർഭിണിയാണ്.പെൺകുട്ടിയുടെ കഴുത്ത് ബ്ലേഡ് ഉപയോഗിച്ചാണ് സഹോദരൻ സുനിൽകുമാർ മുറിച്ചത്. തുടർന്ന് ദേഹത്ത് പെട്രോൾ ഒഴിച്ച് സഹോദരൻ തീകൊളുത്തുകയായിരുന്നു. കുട്ടിയുടെ കരച്ചിൽ കേട്ട് ഓടിയെത്തിയ നാട്ടുകാരാണ് 19കാരിയെ ആശുപത്രിയിൽ പ്രവേശിപ്പിച്ചത്.

അവിവാഹിതയായ മകൾ ഗർഭിണിയായത് അംഗീകരിക്കാൻ കഴിഞ്ഞില്ലെന്ന് അമ്മയും സഹോദരനും മൊഴി നൽകിയതായും പൊലീസ് പറയുന്നു. ഗ്രാമത്തിലെ ഒരു യുവാവുമായി മകൾ അടുപ്പത്തിലായിരുന്നു. നിരവധി തവണ താക്കീത് നൽകിയിട്ടും ബന്ധം തുടർന്നതായും കുടുംബാംഗങ്ങൾ പറയുന്നു. ഗർഭധാരണത്തിന്റെ പേരിൽ പെൺകുട്ടിയെ തൊട്ടടുത്തുള്ള വനത്തിലേക്ക് നിർബന്ധിച്ച് കൂട്ടിക്കൊണ്ടുപോയ ശേഷമാണ് അമ്മയും സഹോദരനും ചേർന്ന് തീകൊളുത്തിയതെന്ന് നാട്ടുകാർ മൊഴി നൽകിയതായും പൊലീസ് പറയുന്നു.

## ഹാഥ്റസ് യു.എ.പി.എ കേസ്; റഊഫ് ശരീഫ് ജയിൽമോചിതനായി

ഡൽഹി: ഹാഥ്റസ് കേസിൽ യു.എ.പി.എ ചുമത്തി ജയിലിലടച്ച കാംപസ് ഫ്രണ്ട് മുൻ ദേശീയ ജനറൽ സെക്രട്ടറി റഊഫ് ശരീഫ് ജയിൽ മോചിതനായി. 33 മാസത്തിനു ശേഷമാണ് ജാമ്യം ലഭിച്ചു പുറത്തിറങ്ങുന്നത്.

ഇന്നു വൈകിട്ട് 7.10 ന് ലക്നൗ ജില്ലാ ജയിലിൽ നിന്നാണ് പുറത്തിറങ്ങിയത്. 2023 ജൂലൈ ഏഴിനു യു.എ.പിഎ കേസിൽ ജാമ്യം കിട്ടിയിരുന്നെങ്കിലും നടപടിക്രമങ്ങൾ പൂർത്തിയാക്കി ഇന്നാണ് ജയിൽമോചിതനായത്. ഇതോടെ, മലയാളി മാധ്യമപ്രവർത്തകൻ സിദ്ദീഖ് കാപ്പനൊപ്പം കേസിൽ പ്രതി ചേർക്കപ്പെട്ട ഒരാളൊഴികെ എല്ലാവരും ജയിലിൽ നിന്നും



പുറത്തിറങ്ങി.

കള്ളപ്പണ ഇടപാട് ആരോപിച്ച് 2020 ഡിസംബർ 12ന് തിരുവനന്തപുരം വിമാനത്താവളത്തിൽ വെച്ച് റഊഫിനെ ഇ.ഡി കസ്റ്റഡിയിൽ എടുത്തിരുന്നു. 2.31 കോടി രൂപ അക്കൗണ്ടിൽ വന്നുവെന്നായിരുന്നു ഇ.ഡി വാദം. ഈ കേസിൽ 2021 ഫെബ്രുവരിയിൽ കോടതി ജാമ്യം നൽകിയെങ്കിലും ഹാഥ്റസ് സംഭവം റിപ്പോർട്ട് ചെയ്യാൻ പോയ സിദ്ദിഖ് കാപ്പന്റെ സംഘത്തെ സാമ്പത്തികമായി സഹായിച്ചു എന്ന മറ്റൊരു കേസും ഇദ്ദേഹത്തിനെതിരെ ചുമത്തുകയായിരുന്നു.

2020 ആഗസ്റ്റ് അഞ്ചിന് ഹാഥ്റസിൽ ദലിത് പെൺകുട്ടിയെ ബലാത്സംഗം ചെയ്ത് കൊലപ്പെടുത്തിയ സംഭവം റിപ്പോർട്ട് ചെയ്യാൻ പോകവെയാണ് മലയാളി മാധ്യമപ്രവർത്തകൻ സിദ്ധീഖ് കാപ്പൻ, ജാമിഅ മില്ലിയ്യ പി.ജി വിദ്യാർഥി മസൂദ് അഹമ്മദ്, വാഹനത്തിന്റെ ഡ്രൈവർ മുഹമ്മദ് ആലം, കാംപസ് ഫ്രണ്ട് മുൻ ദേശീയ ട്രഷറർ അതീഖുർ റഹ്മാൻ എന്നിവർ യു.പി പൊലീസ് പിടിയിലായത്.

# ഉജ്ജയിൻ പീഡനം; പെൺകുട്ടി 'മരണത്തിന്റെ വക്കിലായിരുന്നു'

ഇൻഡോർന്മ മധ്യപ്രദേശിലെ ഉജ്ജയിനിൽ പീഡനത്തിനിരയായി സഹായം അഭ്യർഥിച്ച് വീടുകളിൽ കയറിയിറങ്ങിയപ്പോൾ പന്ത്രണ്ടുകാരി മരണത്തിന്റെ വക്കിലായിരുന്നുവെന്ന് റിപ്പോർട്ട്. പെൺകുട്ടിയുടെ സ്വകാര്യ ഭാഗങ്ങളിൽ ഗുരുതരമായി മുറിവേറ്റിരുന്നു. ചികിത്സ ലഭിക്കാൻ താമസിച്ചിരുന്നെങ്കിൽ മരണം സംഭവിക്കുമായിരുന്നു എന്നു കുട്ടിയെ പരിചരിച്ചവർ വെളിപ്പെടുത്തി.

ഗുരുതരാവസ്ഥ തരണം ചെയ്യുന്ന പെൺകുട്ടി കനത്ത മാനസികാഘാതവും വേദനയും അനുഭവിക്കുകയാണ്. ബോധം തെളിഞ്ഞപ്പോൾ പെൺകുട്ടി അമ്മയെ വിളിക്കുകയും സ്കൂൾ യൂണിഫോം ആവശ്യപ്പെടുകയും ചെയ്തു. പെൺകുട്ടി പീഡിപ്പിക്കപ്പെട്ട സമയത്ത് സ്കൂൾ യൂണിഫോം ആയിരുന്നു ധരിച്ചിരുന്നത്. എന്നാൽ ബന്ധുക്കളുടെ പേര് പറയാനോ സ്വദേശം എവിടെയാണെന്ന് പറയാനോ സാധിച്ചില്ലെന്നും അധികൃതർ അറിയിച്ചു.

കുട്ടി മാനസികമായി തകർന്നിരിക്കുകയാണെന്ന് ബന്ധുക്കൾ പറഞ്ഞു. കുട്ടിയെ കാണാനില്ലെന്ന് അറിയിച്ച് പൊലീസിൽ പരാതി നൽകാൻ ചെന്നെങ്കിലും അവഗണിക്കുകയാണുണ്ടായതെന്നും ബന്ധുക്കൾ പറഞ്ഞു. സത്ന ജില്ലയിലെ പൊലീസ് സ്റ്റേഷനിലാണ് പരാതിയുമായി ഞായറാഴ്ച എത്തിയത്.

നിങ്ങൾ തന്നെ തിരച്ചിൽ നടത്താനും കണ്ടില്ലെങ്കിൽ 24 മണിക്കൂർ കഴിഞ്ഞ് വരാനുമാണ് പൊലീസ് പറഞ്ഞത്. മുത്തച്ഛൻ പുല്ലരിയാൻ പോയപ്പോൾ ഞായറാഴ്ച ആരോടും പറയാതെയാണ് പെൺകുട്ടി പുറത്തുപോയതെന്ന് ബന്ധു പറഞ്ഞു. വൈകുന്നേരമായിട്ടും കാണാതായതോടെയാണ് അന്വേഷണം ആരംഭിച്ചത്. രാത്രി പത്ത് മണിയോടെയാണ് പൊലീസിൽ പരാതി നൽകാൻ എത്തിയത്. പൊലീസ് സ്റ്റേഷനിൽനിന്നു മടങ്ങിയ ബന്ധുക്കൾ



രാത്രി മുഴുവൻ പലയിടത്തും അന്വേഷണം നടത്തി. കണ്ടെത്താൻ സാധിക്കാതെ വീണ്ടും പൊലീസ് സ്റ്റേഷനിൽ എത്തിയതോടെയാണ് കേസ് റജിസ്റ്റർ ചെയ്യാൻ ഉദ്യോഗസ്ഥർ തയാറായത്.

രണ്ട് വയസ്സുള്ളപ്പോൾ പെൺകുട്ടിയെ അമ്മ ഉപേക്ഷിച്ചു പോയതാണ്. പിതാവ് മാനസികാസ്വാസ്ഥ്യമുള്ള ആളാണ്. മുത്തശ്ശിയായിരുന്നു പെൺകുട്ടിയെ സംരക്ഷിച്ചിരുന്നത്. മുത്തശ്ശിയെയാണ് അമ്മയായി കണ്ടിരുന്നത്. രണ്ട് വർഷം മുൻപ ഇവരും മരിച്ചു. ഇത് പെൺകുട്ടിക്ക് വലിയ മാനസികാഘാതം ഉണ്ടാക്കിയിരുന്നുവെന്നും ബന്ധു പറഞ്ഞു. ബലാത്സംഗത്തിനിരയായ പെൺകുട്ടി ചോരയൊലിപ്പിച്ച് അലറിക്കരഞ്ഞ് വാതിലുകളിൽ മുട്ടിയിട്ടും നാട്ടുകാർ ആട്ടിപ്പായിക്കുകയായിരുന്നു. പെൺകുട്ടി അർധനഗ്നയായി ചോരയൊലിപ്പിച്ച് ഓരോ വീടിന്റെയും വാതിലിൽ മുട്ടുന്ന ചിത്രം പുറത്തുവന്നതോടെയാണ് സംഭവം പുറംലോകം അറിഞ്ഞത്.

തുണിക്കഷണം കൊണ്ട് ശരീരം മറച്ചിരുന്ന പെൺകുട്ടി അലഞ്ഞുനടന്ന് ഒരു ആശ്രമത്തിലെത്തി. അവിടെയുണ്ടായിരുന്ന പുരോഹിതനാണ്, പെൺകുട്ടി ബലാത്സംഗത്തിന് ഇരയായെന്ന് തിരിച്ചറിയുകയും അവളെ ഒരു ടവലിൽ പൊതിഞ്ഞ് ജില്ലാ ആശുപത്രിയിൽ എത്തിച്ചതും. ബലാത്സംഗത്തിനിരയായ പെൺകുട്ടി സഹായം അഭ്യർഥിച്ചിട്ടും മുഖംതിരിച്ചവർക്കെതിരെ കുട്ടികൾക്കെതിരായ ലൈംഗിക കുറ്റകൃത്യ നിയമപ്രകാരം നടപടി എടുക്കുമെന്ന് പൊലീസ് അറിയിച്ചു.

## കാനഡ ഭീകരർക്ക് താവളം ഒരുക്കുന്നു; അമേരിക്കയെ ആശങ്ക അറിയിച്ചതായി വിദേശകാര്യമന്ത്രി

ന്യൂഡൽഹി: ഖലിസ്ഥാൻ വിഷയത്തിൽ ഇന്ത്യയും കാനഡയും തമ്മിലുള്ള നയതന്ത്രബന്ധം വഷളായിരിക്കേ, കാനഡയെ വീണ്ടും കുറ്റപ്പെടുത്തി ഇന്ത്യ.

ഭീകരർക്ക് കാനഡ താവളം ഒരുക്കുകയാണെന്ന് വിദേശകാര്യമന്ത്രി എസ് ജയശങ്കർ കുറ്റപ്പെടുത്തി. യുഎസ് സെക്രട്ടറി ആന്റണി ബ്ലിങ്കനെയും സുരക്ഷാ ഉപദേഷ്ടാവ് ജെയ്ക് സള്ളിവനെയും ഇന്ത്യ ആശങ്ക അറിയിച്ചുവെന്നും ജയശങ്കർ വ്യക്തമാക്കി. യുഎസ് സന്ദർശനത്തിനിടെ, വാഷിങ്ടണിൽ ഉന്നതവൃത്തങ്ങളുമായി നടത്തിയ കൂടിക്കാഴ്ചയിൽ ചോദ്യങ്ങൾക്ക് മറുപടി നൽകുകയായിരുന്നു ജയശങ്കർ.

'കനേഡിയൻ പ്രധാനമന്ത്രി ജസ്റ്റിൻ ട്രൂഡോ ഇന്ത്യക്കെതിരെ ആരോപണം ഉയർത്തി. ഇന്ത്യ മറുപടിയും നൽകി. ജസ്റ്റിൻ ട്രൂഡോ നടത്തിയ ആരോപണങ്ങൾ ഇന്ത്യയുടെ നയമല്ല.

കനേഡിയൻ സർക്കാരിന് കൃത്യമായ വിവരങ്ങളുണ്ടെങ്കിൽ പരിശോധന നടത്താം. സംഭവത്തെക്കുറിച്ച് യുഎസിനുള്ള കാഴ്ചപ്പാടുകളും നിഗമനങ്ങളും അവർ അറിയിച്ചു.നമുക്കുള്ള ആശങ്കകൾ അവരോടും പങ്കുവച്ചു. കൂടിക്കാഴ്ച പ്രതീക്ഷ നൽകുന്നതാണ്' - അദ്ദേഹം പറഞ്ഞു.

'നിഷ്ക്രിയമായിരുന്ന പല ഭീകരശക്തികളും വീണ്ടും സജീവമായിരിക്കുന്നു. അതിന് അനുവാദം നൽകുന്ന സമീപനമാണ് കാനഡ സ്വീകരിക്കുന്നത്. ഭീകരർക്കും അക്രമം പ്രോത്സാഹിപ്പിക്കുന്നവർക്കും പ്രവർത്തിക്കാനുള്ള അവസരം, രാഷ്ട്രീയ താൽപര്യം കണക്കിലെടുത്തു കാനഡ ഒരുക്കുകയാണ്. അമേരിക്കയ്ക്കു കാനഡയെക്കുറിച്ചു വ്യത്യസ്തമായ കാഴ്ചപ്പാടാവും ഉണ്ടായിരിക്കുക. എന്നാൽ ഇന്ത്യയെ സംബന്ധിച്ച് അങ്ങനെയല്ല. ഇന്ത്യൻ നയതന്ത്ര പ്രതിനിധികൾ കാനഡയിൽ ഒട്ടും സുരക്ഷിതരല്ല. കാനഡയിലെ എംബസികളിലും കോൺസുലേറ്റുകളിലും സുരക്ഷിതമായി അവർക്കു പോകാൻ കഴിയുന്നില്ല. ഈ സാഹചര്യത്തിലാണ് വിസ സർവീസ് നിർത്തിവച്ചത്'- ജയശങ്കർ പറഞ്ഞു.

## ന്യൂയോർക്കിൽ കനത്ത മഴ: മിന്നൽ പ്രളയം

ന്യൂയോർക്ക് : ഒറ്റരാത്രികൊണ്ട് പെയ്ത കനത്ത മഴയിൽ ന്യൂയോർക്കിലെ ചില പ്രദേശങ്ങൾ വെള്ളത്തിനടിയിലായി. റോഡുകൾ സഞ്ചാരയോഗ്യമല്ലാത്തതിനാൽ ജനങ്ങൾ വീടിനുള്ളിൽ തന്നെ തുടരണമെന്ന് മേയർ എറിക് ആഡംസ് വ്യക്തമാക്കി.

ശക്തമായ കൊടുങ്കാറ്റിനെയും വെള്ളപ്പൊക്കത്തെയും തുടർന്ന് ന്യൂയോർക്ക് സിറ്റിയിൽ ഗവർണർ അടിയന്തരാവസ്ഥ പ്രഖ്യാപിച്ചിരുന്നു. നഗരത്തിലെ പല സബ്‌വേകളും തെരുവുകളും ഹൈവേകളും വെള്ളത്തിനടിയിലായി. നഗരത്തിന്റെ ചില ഭാഗങ്ങളിൽ 20 സെന്റീമീറ്റർ വരെ മഴ പെയ്തു, ദേശീയ പാതകളും തെരുവുകളും വെള്ളത്തിലായതോടെ നഗരത്തിലെ പൊതുഗതാഗതം താറുമാറായി. ലാഗാർഡിയ വിമാനത്താവളത്തിന്റെ ഒരു ടെർമിനൽ അടച്ചിട്ടു.

ഇത് ജീവൻ അപകടപ്പെടുത്തുന്ന കൊടുങ്കാറ്റാണെന്ന് ഗവർണർ കാത്തി ഹോചുൾ പറഞ്ഞു. അതിശക്തമായ മഴയെത്തുടർന്ന് ന്യൂയോർക്ക് സിറ്റി, ലോങ് ഐലൻഡ്, ഹഡ്സൺ വാലി എന്നിവിടങ്ങളിലാണ് ഗവർണർ ഹോച്ചുൾ അടിയന്തരാവസ്ഥ പ്രഖ്യാപിച്ചത്. സുരക്ഷിതരായിരിക്കാൻ നടപടികൾ കൈക്കൊള്ളണമെന്നും വെള്ളം നിറഞ്ഞ റോഡുകളിൽ യാത്ര ചെയ്യാൻ ശ്രമിക്കരുതെന്നും വ്യക്തമാക്കി.മരണമോ ഗുരുതര പരുക്കുകളോ റിപ്പോർട്ട് ചെയ്തിട്ടില്ല. ന്യൂജഴ്സി നഗരമായ ഹോബോക്കണിലും അടിയന്തരാവസ്ഥ പ്രഖ്യാപിച്ചു. വരും ദിവസങ്ങളിലും കനത്ത മഴ തുടരുമെന്നും ജനങ്ങൾ ജാഗ്രത പാലിക്കണമെന്നും ഗവർണർ അറിയിച്ചു.

## പുഴുവരിക്കുന്ന മലിനജലം, ഫ്രീസറുകളിലായി രണ്ടായിരം കിലോ കോഴിയിറച്ചി; സ്ഥാപനം പൂട്ടി

ചാത്തന്നൂർ: കൊല്ലം നഗരത്തിലെ ഹോട്ടലുകളിലേക്കും മറ്റും കോഴിയിറച്ചി വിതരണം ചെയ്യുന്ന കോൾഡ് സ്റ്റോറേജ് ഭക്ഷ്യ സുരക്ഷാ, ആരോഗ്യ വകുപ്പ് അധികൃതർ ചേർന്നു പൂട്ടിച്ചു.

മതിയായ ശീതീകരണ സംവിധാനം ഇല്ലാതെ വൃത്തിഹീനമായ സാഹചര്യത്തിൽ പ്രവർത്തിച്ചതിനെ തുടർന്നാണ് നടപടി. ചാത്തന്നൂർ-പരവൂർ റോഡിൽ മീനാട് ഭാഗത്ത് പ്രവർത്തിക്കുന്ന ഫ്രോസൺ ഫുഡ് ഡിസ്ട്രിബ്യൂട്ടേഴ്സാണ് പൂട്ടിയത്.

ഇന്നലെ ആരോഗ്യ വകുപ്പ് അധികൃതർ ഫീൽഡ് സർവേ നടത്തുന്നതിനിടെ സ്ഥാപനത്തിന് സമീപം എത്തിയപ്പോൾ രൂക്ഷമായ ദുർഗന്ധം അനുഭവപ്പെട്ടു. രണ്ടു മുറി കടയും അനുബന്ധമായ മുറികളിലും പ്രവർത്തിക്കുന്ന സ്ഥാപനത്തിന്റെ മുൻവശം പൂട്ടിയ നിലയിലായിരുന്നു. ഫീൽഡ് വർക്ക് നടത്തിയിരുന്നവർ ഉടനടി ചാത്തന്നൂർ കുടുംബാരോഗ്യ കേന്ദ്രം മെഡിക്കൽ ഓഫിസർ ഡോ. എൻ.വിനോദ് ബാബു, ഹെൽത്ത് ഇൻസ്പെക്ടർ എസ്.ഷാനി എന്നിവരെ വിവരം അറിയിച്ചു. ഇവർ നടത്തിയ പരിശോധനയിലാണ് രൂക്ഷമായ ദുർഗന്ധം പരത്തുന്ന അവസ്ഥയിൽ കോഴിയിറച്ചി സൂക്ഷിച്ചിരിക്കുന്നത് കണ്ടെത്തിയത്.

പന്ത്രണ്ടിലേറെ വലിയ ഫ്രീസറുകളിലായി രണ്ടായിരം കിലോ ഇറച്ചി ഉണ്ടായിരുന്നു. കോഴിയെ ഡ്രസ് ചെയ്തു പായ്ക്കറ്റിലാക്കിയ നിലയിലായിരുന്നു.

തമിഴ്നാട്ടിൽ നിന്നു കൊണ്ടു വന്നു കൊല്ലത്തും പരിസരങ്ങളിലും വിതരണം ചെയ്യുകയാണെന്ന് ഇവിടെ ഉണ്ടായിരുന്ന തമിഴ്നാട് സ്വദേശികളായ തൊഴിലാളികൾ പറഞ്ഞു.

പായ്ക്കറ്റുകളിൽ കോയമ്പത്തൂരിൽ നിന്നുള്ളതാണെന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. പരിശോധന സംഘത്തെ കണ്ടപ്പോഴാണ് പല ഫ്രീസറുകൾ പ്രവർത്തിപ്പിച്ചത്. ഫ്രീസറുകൾ തുറന്നപ്പോൾ രൂക്ഷമായ ദുർഗന്ധം അനുഭവപ്പെട്ടു. ഒരു ഫ്രീസറിൽ പുഴുവരിക്കുന്ന രീതിയിൽ മലിനജലം കെട്ടി നിൽക്കുന്ന അവസ്ഥയായിരുന്നു.

ആരോഗ്യ വകുപ്പ് അധികൃതർ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ഭക്ഷ്യ സുരക്ഷ വിഭാഗം ഡപ്യൂട്ടി കമ്മിഷണർ എസ്.അജി, അസിസ്റ്റന്റ് കമ്മിഷണർ വിനോദ് കുമാർ, ഫുഡ് സേഫ്റ്റി ഓഫിസർമാരായ ചിത്ര മുരളി, അഞ്ജു എന്നിവരുടെ നേതൃത്വത്തിൽ പരിശോധന നടത്തി സാംപിൾ ശേഖരിച്ചു. പരിശോധന ഫലം വന്ന ശേഷം തുടർ നടപടി സ്വീകരിക്കുമെന്ന് അധികൃതർ പറഞ്ഞു. ഒരു വർഷമായി പ്രവർത്തിക്കുന്ന സ്ഥാപനത്തിനു പഞ്ചായത്ത് ലൈസൻസ് മാത്രമാണ് ഉള്ളത്. ആരോഗ്യ വകുപ്പ്, ഭക്ഷ്യസുരക്ഷ വകുപ്പ് തുടങ്ങിയവയുടെ രേഖകൾ ഇല്ലെന്ന് അധികൃതർ പറഞ്ഞു.

തിരക്കേറിയ റോഡിനു സമീപം പ്രവർത്തിക്കുന്ന സ്ഥാപനത്തെപ്പറ്റി സമീപവാസികൾക്കു പോലും അറിയില്ലായിരുന്നു. ഒരു വശത്തുള്ള ഗേറ്റിലൂടെ കടയുടെ പിന്നിലേക്ക് വാഹനം കയറ്റി ലോഡ് ഇറക്കുകയും കയറ്റുകയുമാണ് രീതി.

ശീതീകരിച്ച ഭക്ഷണ വസ്തു വിൽക്കുന്നതിനു തിരുവനന്തപുരം സ്വദേശിയുടെ പേരിലാണ് ലൈസൻസ് എടുത്തിരിക്കുന്നത്.

# ജയം റാമോസിന്റെ ദാനം! സെൽഫ് ഗോളിൽ രക്ഷപ്പെട്ട് ബാഴ്സലോണ

മാഡ്രിഡ്: സ്പാനിഷ് ലാ ലിഗയിൽ സമനില കുരുക്കിൽ നിന്നു സുരക്ഷിത വിജയം സ്വന്തമാക്കി ബാഴ്സലോണ്. സെവിയ്യക്കെതിരായ പോരാട്ടത്തിൽ വെറ്ററൻ ഇതിഹാസവും ഈ സീസണിൽ സെവിയ്യ കുപ്പയത്തിലേക്ക് തിരികെ എത്തുകയും ചെയ്ത സെർജിയോ റാമോസിനോട് വിജയത്തിനു ബാഴ്സലോണ കടപ്പെട്ടിരിക്കുന്നു. താരത്തിന്റെ സെൽഫ് ഗോളിലാണ് ഒറ്റ ഗോളിന്റെ വിജയം ബാഴ്സലോണ സ്വന്തമാക്കിയത്.

മത്സരത്തിന്റെ ഭൂരിഭാഗം സമയത്തും ഇരു പക്ഷത്തും ഗോൾ വന്നില്ല. 76ാം മിനിറ്റിലാണ് റാമോസിന്റെ സെൽഫ് ഗോൾ. 76ാം മിനിറ്റിൽ ലാമിൻ യമാലിന്റെ ഹെഡ്ഡർ റാമോസിന്റെ കാലിൽ തട്ടി സെവിയ്യയുടെ വലയിലേക്ക് തന്നെ കയറുകയായിരുന്നു.


റാമോസിന്റെ കാലിൽ തട്ടി ബോൾ വലയിലേക്ക്

മത്സരത്തിൽ ബാഴ്സലോണയുടെ ആക്രമണത്തിനു അതേ നാണയത്തിൽ പ്രത്യാക്രമണ മറുപടി നൽകാൻ സെവിയ്യയ്ക്ക് സാധിച്ചിരുന്നു. എന്നാൽ റാമോസിന്റെ ഓൺ ഗോൾ കളിയുടെ ഗതി അവർക്കെതിരാക്കി. ജയത്തോടെ 20 പോയിന്റുമായി ബാഴ്സലോണ പട്ടികയിൽ ഒന്നാമത്.


ബൊപ്പണ്ണ , ഋതുജ

# ടെന്നിസിൽ രോഹൻ ബൊപ്പണ്ണ ഋതുജ സഖ്യം ഒന്നാമത്

## ഇന്ത്യയ്ക്ക് ഒൻപതാം സ്വർണം

ഹാങ്ചൗ: 2023 ഏഷ്യൻ ഗെയിംസിന്റെ ഏഴാം ദിനം ഇന്ത്യയ്ക്ക് ആദ്യ സ്വർണം. മികസ്ഡ് ഡബിൾസ് ടെന്നീസിൽ ഇന്ത്യയുടെ രോഹൻ ബൊപ്പണ്ണ-ഋതുജ ഭോസാലെ സഖ്യം സ്വർണം നേടി. ഫൈനലിൽ ചൈനീസ് തായ്പേയിയെ പരാജയപ്പെടുത്തിയാണ് ഇന്ത്യ സ്വർണം നേടിയത്. ആവേശകരമായ ഫൈനലിൽ ആദ്യ സെറ്റ് നഷ്ടപ്പെട്ടിട്ടും പിന്നീട് ബൊപ്പണ്ണ-ഋതുജ സഖ്യം തിരിച്ചടിച്ച് സ്വർണം നേടുകയായിരുന്നു. സ്കോർ: 2–6, 6–3, 10–4

10 മീറ്റർ എയർ പിസ്റ്റൾ മിക്സഡ് ടീം മത്സരത്തിൽ ഇന്ത്യയുടെ സരബ്ജോത് സിങ്-ദിവ്യ ടി.എസ് സഖ്യം വെള്ളി നേടി. ഫൈനലിൽ ചൈനയോടാണ് ഇന്ത്യൻ ടീം പരാജയപ്പെട്ടത്. ഒരു ഘട്ടത്തിൽ മുന്നിൽ നിന്ന ഇന്ത്യ അവസാനമാണ് മത്സരം കൈവിട്ടത്. ഷൂട്ടിങ്ങിൽ നിന്ന് ഇന്ത്യ സ്വന്തമാക്കുന്ന 19–ാം മെഡലാണിത്. ബോക്സിങ് റിങ്ങിൽ നിന്ന് ഇന്ത്യ രണ്ട് മെഡലുറപ്പിച്ചു.

വനിതകളുടെ 54 കിലോ വിഭാഗം ബോക്സിങ്ങിൽ ഇന്ത്യ മെഡലുറപ്പിച്ചു. ഇന്ത്യൻ യുവ താരം പ്രീതി പൻവാർ സെമിയിലെത്തി. ക്വാർട്ടർ ഫൈനലിൽ കസാഖ്സ്താൻ താരം ഷായ്ന ഷെക്കർബെക്കോവയെ തകർത്താണ് പ്രീതി അവസാന നാലിലെത്തിയത്. 4–1 എന്ന സ്കോറിനാണ് താരത്തിന്റെ വിജയം. വെറും 18 വയസ്സ് മാത്രമാണ് പ്രീതിയുടെ പ്രായം.

വനിതകളുടെ 75 കിലോ വിഭാഗത്തിൽ ഇന്ത്യയുടെ ലോകചാമ്പ്യൻ ലവ്‌ലിന ബോർഗോഹെയ്നും സെമിയിലെത്തി. ക്വാർട്ടർ ഫൈനലിൽ ലവ്‌ലിന ദക്ഷിണ കൊറിയയുടെ സുയിയോൺ സിയോങ്ങിനെ കീഴടക്കിയാണ് താരം സെമിയിലെത്തിയത്. സ്കോർ 5–0. ഈ ഇനത്തിലെ ഇന്ത്യയുടെ സ്വർണമെഡൽ പ്രതീക്ഷയാണ് ലവ്‌ലിന.

ലോങ്ജമ്പിൽ മുരളി ശ്രീശങ്കറും 1500 മീറ്റർ ഓട്ടത്തിൽ ജിൻസൺ ജോൺസണും ഫൈനലിലെത്തി. ലോങ് ജമ്പിൽ മറ്റൊരു ഇന്ത്യൻ താരമായ ജസ്വിൻ ആൽഡ്രിനും 1500 മീറ്ററിൽ അജയ് കുമാറും ഫൈനലിലെത്തിയിട്ടുണ്ട്.

ആദ്യ ശ്രമത്തിൽ തന്നെ 7.97 മീറ്റർ ദൂരം കണ്ടെത്തിയാണ് ശ്രീശങ്കർ ഫൈനലിലെത്തിയത്. ജസ്വിൻ മൂന്നാം ശ്രമത്തിൽ 7.67 മീറ്റർ ദൂരം ചാടി ഫൈനലിന് യോഗ്യത നേടി.

ഷൂട്ടിങ്ങിൽ ഇന്ത്യ മെഡലുറപ്പിച്ചുകഴിഞ്ഞു. 10 മീറ്റർ എയർ പിസ്റ്റൾ മിക്സഡ് ടീം മത്സരത്തിൽ ഇന്ത്യയുടെ സരബ്ജോത് സിങ്-ദിവ്യ ടി.എസ് സഖ്യം ഫൈനലിലെത്തിയിട്ടുണ്ട്.

നിലവിൽ ഒൻപത് സ്വർണവും 13 വെള്ളിയും 13 വെങ്കലവുമടക്കം 34 മെഡലുകളുമായി ഇന്ത്യ നാലാം സ്ഥാനത്താണ്.

# ലോകകപ്പ് ക്രിക്കറ്റ് 2023; ഇന്ത്യയുടെ ആദ്യ സന്നാഹമത്സരം ഇന്ന്; കാര്യവട്ടത്ത് ഓസ്ട്രേലിയ നെതർലാൻഡ്സ് പോരാട്ടം

ഇന്ത്യയുടെ ആദ്യ ലോകകപ്പ് സന്നാഹമത്സരം ഇന്ന് നടക്കും. രാജ്കോട്ടിൽ ഓസ്ട്രേലിക്കെതിരെ അവസാന ഏകദിനം കളിച്ച ശേഷം കഴിഞ്ഞ ദിവസമാണ് ഇന്ത്യൻ ടീം ഗുവാഹത്തിയിലെത്തിയത്.

കാര്യവട്ടത്ത് നടക്കുന്ന മറ്റൊരു മത്സരത്തിൽ ഓസ്ട്രേലിയ നെതർലാൻഡ്സിനെ നേരിടും. മഴ ഭീഷണിയായതിനെ തുടർന്ന് ഇന്നലത്തെ മത്സരം ഉപേക്ഷിച്ചിരുന്നു. ഇന്നത്തെ മത്സരത്തിനും മഴ ആശങ്കയുണ്ട്.

ഇന്ത്യൻ ടീമിൽ കഴിഞ്ഞ ദിവസം ശുഭ്മാൻ ഗിൽ, ഇഷാൻ കിഷൻ, ഷാർദ്ദുൽ താക്കൂർ, ആർ അശ്വിൻ എന്നിവർ ഗ്രൗണ്ടിൽ പരിശീലനത്തിനിറങ്ങി.നിലവിലെ ചാമ്പ്യന്മാരായ ഇംഗ്ലണ്ടാണ് എതിരാളി. ഉച്ചയ്ക്ക് രണ്ട് മണിക്ക് ഗുവാഹത്തിയിൽ



ആണ് കളി.

ഏകദിന റാങ്കിംഗിൽ ഒന്നാമതായാണ് ഇന്ത്യ ഇന്ന് ലോകകപ്പ് സന്നാഹ മത്സരങ്ങൾക്ക് ഇറങ്ങുന്നത്. ജോസ് ബട്‌ലർ, ബെൻ സ്റ്റോക്സ്, ഹാരി ബ്രൂക്ക്, ജോണി ബെയർസ്റ്റോ തുടങ്ങിയ വെടിക്കെട്ട് ബാറ്റർമാരാണ് ഇംഗ്ലണ്ടിന്. കഴിഞ്ഞ വർഷം ഓസ്ട്രേലിയയിൽ നടന്ന ടി20 ലോകകപ്പിൽ ഇരു ടീമും ഏറ്റുമുട്ടിയപ്പോൾ ഇന്ത്യയെ 10 വിക്കറ്റിനാണ് ഇംഗ്ലണ്ട് തകർത്തെറിഞ്ഞത്.

കാര്യവട്ടത് മഴമൂലം കഴിഞ്ഞ ദിവസം ഉപേക്ഷിച്ച അഫ്ഗാനിസ്ഥാൻ ദക്ഷിണാഫ്രിക്ക ലോകകപ്പ് സന്നാഹ മത്സരത്തിന് ടിക്കറ്റ് എടുത്തവരുടെ പണം റീഫണ്ട് ചെയ്യുമെന്ന് കേരള ക്രിക്കറ്റ് അസോസിയേഷൻ അറിയിച്ചു.

ടിക്കറ്റിനായി മുടക്കിയ പണം റീഫണ്ട് ചെയ്യുമെന്ന് കേരള ക്രിക്കറ്റ് അസോസിയേഷൻ പ്രസ്താവനയിറക്കി . ബുക്ക് മൈ ഷോ വഴി ടിക്കറ്റ് ബുക്ക് ചെയ്തവർക്ക് 7–10 ദിവസത്തിനുള്ളിൽ ടിക്കറ്റ് എടുക്കാനായി ചെലവായ തുക അവരുടെ അക്കൗണ്ടിലെത്തും.

ഓഫ്‌ലൈൻ വഴി ടിക്കറ്റെടുത്തവർക്കും പണം തിരികെ നൽകും. കേടുപാടുകൾ വരുത്താതെ ടിക്കറ്റ് എടുത്ത സെന്ററിൽ കൊണ്ട് പോയി കാണിക്കുകയാണെങ്കിൽ പണം തിരികെ നൽകുമെന്നും കെസിഎ പറഞ്ഞു.

## ആ ഇന്ത്യൻ നടനൊപ്പം അഭിനയിക്കാൻ ആഗ്രഹമുണ്ട്; തുറന്നുപറഞ്ഞ് വാർണർ

ഏകദിന ലോകകപ്പിന് മുന്നോടിയായി തന്റെ വ്യക്തിപരമായ ചില ഇഷ്ടങ്ങൾ വെളിപ്പെടുത്തി ഓസ്ട്രേലിയൻ ഓപ്പണർ ഡേവിഡ് വാർണർ. ക്രിക്കറ്റിന് പുറമെ ഇന്ത്യൻ സംസ്കാരത്തോടുള്ള തന്റെ ഇഷ്ടവും താരവും തുറന്നുപറഞ്ഞു. ഇന്ത്യൻ ചലച്ചിത്ര താരം അല്ലു അർജുനൊപ്പം പ്രവർത്തിക്കാനുള്ള ആഗ്രഹം വാർണർ പ്രകടിപ്പിച്ചു. താനൊരു ക്രിക്കറ്റ് താരമല്ലായിരുന്നുവെങ്കിൽ ബഹിരാകാശ സഞ്ചാരിയാകാൻ താൻ തിരഞ്ഞെടുക്കുമായിരുന്നെന്നും അദ്ദേഹം വെളിപ്പെടുത്തി.

ക്രിക്കറ്റ് ചരിത്രത്തിലെ ഏറ്റവും മികച്ച ഫിനിഷറിനെക്കുറിച്ച് ചോദിച്ചപ്പോൾ, എംഎസ് ധോണിയുടെ പേര് പറയാൻ വാർണർ മടിച്ചില്ല. സമ്മർദ്ദത്തിനിടയിലും ശാന്തനായി തുടരാനുള്ള ധോണിയുടെ കഴിവും അദ്ദേഹത്തിന്റെ ശ്രദ്ധേയമായ ഫിനിഷിംഗ് കഴിവും ക്രിക്കറ്റ് ലോകത്ത് അദ്ദേഹത്തിന് ഇതിഹാസ പദവി നേടിക്കൊടുത്തിട്ടുണ്ട്.'എന്നെ സംബന്ധിച്ച് അത് എംഎസ് ധോണിയാണ്,' ക്രിക്കറ്റ് ചരിത്രത്തിലെ ഏറ്റവും മികച്ച ഫിനിഷറിനെക്കുറിച്ച് ചോദിച്ചപ്പോൾ ജിയോസിനിമയിലെ റാപ്പിഡ്-ഫയർ ചോദ്യ-ഉത്തര സെഷനിൽ വാർണർ പറഞ്ഞു. ഷെയ്ൻ വോൺ, റിക്കി പോണ്ടിംഗ്, ആദം ഗിൽക്രിസ്റ്റ് എന്നിവരെ തന്റെ ആരാധനാപാത്രങ്ങളായി വാർണർ എടുത്തു കാണിച്ചു. വോണിന്റെ ലെഗ് സ്പിൻ, ഗിൽക്രിസ്റ്റിന്റെ തകർപ്പൻ ഓപ്പണിംഗ് ബാറ്റിംഗ്, പോണ്ടിങ്ങിന്റെ ഓൾറൗണ്ട് ക്രിക്കറ്റ് കഴിവുകൾ എന്നിവയോടൊപ്പം അവരുടെ കളിരീതികൾ അനുകരിക്കാൻ ആഗ്രഹിച്ചിരുന്നതായി വാർണർ വെളിപ്പെടുത്തി.'എന്നെ സംബന്ധിച്ചിടത്തോളം, ഷെയ്ൻ വോണും റിക്കി പോണ്ടിംഗും ആദം ഗിൽക്രിസ്റ്റും എന്റെ ആരാധനാപാത്രങ്ങളായിരുന്നു. അവർ എങ്ങനെ കളിച്ചു അതുപോലെ കളിക്കാൻ ഞാൻ ആഗ്രഹിച്ചു. എനിക്ക് ഒരു ലെഗ് സ്പിന്നർ ആകണം, ഗിൽക്രിസ്റ്റ് ഒരു ഓപ്പണിംഗ് ഡാഷർ ആയിരുന്നു, റിക്കി പോണ്ടിംഗ് നമ്മുടെ എക്കാലത്തെയും മികച്ച ക്രിക്കറ്റ് കളിക്കാരിൽ ഒരാളാണ്- വാർണർ പറഞ്ഞു.

# മട്ടൻ ഗ്രില്ലും കറിയും, ബട്ടർ ചിക്കൻ; സ്റ്റേഡിയത്തിൽ പാക്ക് താരങ്ങൾ കഴിച്ചത് വെജ് പുലാവ്

ഹൈദരാബാദ്: ഏകദിന ലോകകപ്പിനായി ഇന്ത്യയിലെത്തിയതിനു പിന്നാലെ ഹൈദരാബാദിലെ വിഭവങ്ങൾ ആസ്വദിച്ച് പാക്കിസ്ഥാൻ ക്രിക്കറ്റ് താരങ്ങൾ. ഏഴു വർഷങ്ങൾക്കു ശേഷം ഇന്ത്യയിലെത്തിയ പാക്കിസ്ഥാൻ ടീമിനെ കാണാൻ ഹൈദരാബാദ് വിമാനത്താവളത്തിൽ നൂറുകണക്കിന് ആരാധകരാണ് തടിച്ചുകൂടിയത്. ഇന്ത്യയിൽ ലഭിച്ച സ്വീകരണത്തിൽ പാക്കിസ്ഥാൻ ക്യാപറ്റൻ ബാബർ അസം സന്തോഷം അറിയിക്കുകയും ചെയ്തു.

ബീഫ് വിഭവങ്ങൾ ലഭ്യമല്ലാത്തതിനാൽ, പ്രോട്ടീൻ അടങ്ങിയ മീൻ, മട്ടൻ, ചിക്കൻ വിഭവങ്ങളായിരുന്നു പാക്കിസ്ഥാൻ ടീമിന്റെ മെനുവിലുണ്ടായിരുന്നത്.

ഹൈദരാബാദിൽ, ഗ്രിൽ ചെയ്ത മട്ടൻ, മട്ടൻ കറി, ബട്ടർ ചിക്കൻ, മീൻ ഗ്രിൽ ചെയ്തത് എന്നിവയാണ് പാക്കിസ്ഥാൻ താരങ്ങൾ പ്രധാനമായും കഴിച്ചതെന്ന് വാർത്താ ഏജൻസിയായ പിടിഐ റിപ്പോർട്ട് ചെയ്തു. സന്നാഹ മത്സരത്തിനിടെ സ്റ്റേഡിയത്തിലെ ഭക്ഷണം തയാറാക്കുന്നവരോട് ബസ്മതി അരി കൊണ്ടുള്ള ചോറും, വെജ് പുലാവും പാക്കിസ്ഥാൻ താരങ്ങൾ ആവശ്യപ്പെട്ടിരുന്നു.

രണ്ട് ആഴ്ചത്തോളം പാക്കിസ്ഥാൻ താരങ്ങൾ ഹൈദരാബാദിലുള്ളതിനാൽ മത്സരമില്ലാത്ത ദിവസങ്ങളിൽ ഹൈദരാബാദി ബിരിയാണിയും കഴിക്കും. ഹൈദരാബാദിലെ രാജീവ് ഗാന്ധി സ്റ്റേഡിയത്തിലാണ് പാക്കിസ്ഥാൻ താരങ്ങൾ പരിശീലിക്കുന്നത്. ആദ്യ സന്നാഹ മത്സരത്തിൽ പാക്കിസ്ഥാൻ ന്യൂസീലൻഡിനോടു തോറ്റിരുന്നു. അഞ്ച് വിക്കറ്റിനാണ് കിവീസിന്റെ വിജയം. ആദ്യം ബാറ്റ് ചെയ്ത പാക്കിസ്ഥാൻ 5 വിക്കറ്റ് നഷ്ടത്തിൽ 345 റൺസ് നേടിയപ്പോൾ ന്യൂസീലൻഡ് 43.4 ഓവറിൽ ലക്ഷ്യം കണ്ടു. പാക്കിസ്ഥാനു വേണ്ടി മുഹമ്മദ് റിസ്വാൻ സെഞ്ചറി (103) നേടി. രചിൻ രവീന്ദ്ര (97), കെയ്ൻ വില്യംസൻ (59), ഡാരൽ മിച്ചൽ (59), മാർക്ക് ചാപ്മാൻ (65 നോട്ടൗട്ട്) എന്നിവർ കിവീസിനായി അർധ സെഞ്ചറി നേടി.

## ലോകകപ്പിനായി ഇംഗ്ലീഷ് ക്രിക്കറ്റ് ടീമിന് 38 മണിക്കൂർ ദുരിതയാത്ര; നീരസം പരസ്യമാക്കി ജോണി ബെയർസ്റ്റോ

ഗുവാഹത്തി: ഏകദിന ലോകകപ്പിനായുള്ള ദുരിതയാത്രയെ കുറിച്ച് മനസ്സുതുറന്ന് ഇംഗ്ലീഷ് ക്രിക്കറ്റ് താരം ജോണി ബെയർസ്റ്റോ. 38 മണിക്കൂർ നീണ്ട ദുരിതയാത്ര തുടരുന്നുവെന്നാണ് ബെയർസ്റ്റോ ഇൻസ്റ്റഗ്രാമിൽ കുറിച്ചത്. ഇത് വല്ലാത്തൊരു യാത്രയായിരുന്നുവെന്നും ആകെ അലമ്പാണെന്നും താരം വിമർശിച്ചു.

നാളെ ഇന്ത്യയ്ക്കെതിരെ നടക്കുന്ന ലോകകപ്പ് സന്നാഹ മത്സരത്തിനായാണ് ഇംഗ്ലീഷ് ടീം ഗുവാഹത്തിയിലെത്തിയത്. ഇൻഡിഗോയുടെ എക്കോണമി ക്ലാസിലായിരുന്നു താരങ്ങളുടെ യാത്ര. വിമാനത്തിൽനിന്നുള്ള കാഴ്ചയും ബെയർസ്റ്റോ പങ്കുവച്ചിട്ടുണ്ട്. ഇംഗ്ലീഷ് ക്രിക്കറ്റ് ടീം നായകൻ ജോസ് ബട്‌ലർ, ബാറ്റർ ഡേവിഡ് മലാൻ എന്നിവരെ ചിത്രത്തിൽ ക്ഷീണിതരായും അസ്വസ്ഥരായും കാണാം. ഇവർക്കു ചുറ്റും മറ്റുയാത്രക്കാർ കൂട്ടംകൂടി നിൽക്കുകയും ചെയ്യുന്നുണ്ട്.

ഇന്ത്യയ്ക്കു പുറമെ നെതർലൻഡ്സുമായും ഇംഗ്ലണ്ടിനു സന്നാഹമത്സരമുണ്ട്. ഒക്ടോബർ മൂന്നിന് തിരുവനന്തപുരത്ത് വച്ചാണ് രണ്ടാം സന്നാഹം നടക്കുന്നത്. ഒക്ടോബർ അഞ്ചിന് ന്യൂസിലൻഡിനെതിരെയാണ് ലോകകപ്പിലെ ആദ്യമത്സരം. അഹമ്മദാബാദ് ആണ് മത്സരത്തിനു വേദിയാകുന്നത്.ഇംഗ്ലണ്ടിന്റെ ലോകകപ്പ് സ്ക്വാഡ്: ജോസ് ബട്‌ലർ(ക്യാപ്റ്റൻ), മോയിൻ അലി, ഗുസ് ആറ്റ്കിൻസൻ, ജോണി ബെയർസ്റ്റോ, ഹാരി ബ്രൂക്ക്, സാം കറൻ, ലിയാം ലിവിങ്സ്റ്റൺ, ഡേവിഡ് മലാൻ, ആദിൽ റഷീദ്, ജോ റൂട്ട്, ബെൻ സ്റ്റോക്സ്, റീസ് ടോപ്ലി, ഡേവിഡ് വില്ലി, മാർക്ക് വുഡ്, ക്രിസ് വോക്സ്.

# 'ചഹലിനെ ലോകകപ് ടീമിൽ ഉൾപ്പെടുത്താത്തത് അബദ്ധം' – യുവരാജ്

ചണ്ഡീഗഢ്: ലോകകപ്പിനുള്ള ഇന്ത്യൻ ടീമിലേക്ക് ലെഗ് സ്പിന്നർ യുസ്‌വേന്ദ്ര ചഹലിനെ പരിഗണിക്കാതിരുന്നത് വലിയ ചർച്ചകൾക്ക് വഴി വച്ചിരുന്നു. മുൻ സ്പിന്നറും ഇതിഹാസ താരവുമായ ഹർഭജൻ സിങ് അടക്കമുള്ളവർ ഈ തീരുമാനത്തെ ചോദ്യം ചെയ്തിരുന്നു. ഇപ്പോഴിതാ സമാന അഭിപ്രായം പങ്കിടുകയാണ് മുൻ ഇന്ത്യൻ ഓൾറൗണ്ടറും ഇതിഹാസവുമായ യുവരാജ് സിങ്. ചഹലിനെ ഉൾപ്പെടുത്താത്തത് അബദ്ധ തീരുമാനമാണെന്നു യുവിയും പറയുന്നു. സ്ലോ വിക്കറ്റിൽ ചഹൽ അപകടകരിയാണെന്നു യുവരാജ് പറയുന്നു. ഇന്ത്യക്കായി 72 ഏകദിനങ്ങൾ കളിച്ച ചഹൽ 141 വിക്കറ്റുകൾ നേടിയിട്ടുണ്ട്.

'ചഹലിനെ ഉൾപ്പെടുത്താഞ്ഞത് അബദ്ധ തീരുമാനമാണ്.



ആശങ്കപ്പെടുത്തുന്ന കാര്യം കൂടിയാണത്.

കളിക്കാൻ ഇറക്കിയില്ലെങ്കിലും കുറഞ്ഞ പക്ഷം അദ്ദേഹത്തെ 15 അംഗ സംഘത്തിലെങ്കിലും ഉൾപ്പെടുത്തണമായിരുന്നു. കുൽദീപ് മികച്ച പ്രകടനമാണ് നടത്തുന്നത്. ശരിയാണ്. എന്നാൽ ഒരു ലെഗ് സ്പിന്നർ ടീമിൽ വേണമായിരുന്നു. എപ്പോഴും വിക്കറ്റ് വീഴ്ത്താനുള്ള മികവ് ലെഗ് സ്പിന്നർമാർക്ക് കൂടുതലുണ്ട്.'

'ടേണിങ് ട്രാക്കിൽ ചഹൽ വളരെ അപകടകാരിയാണ്. ഹർദിക് മൂന്നാം സീമറുടെ ബാലൻസ് നൽകുന്നതു പോലെ ചഹലിനേയും ഉൾപ്പെടുത്തണമായിരുന്നു'- യുവരാജ് ചൂണ്ടിക്കാട്ടി.

കുൽദീപ് യാദവാണ് ലോകകപ്പിലെ ഇന്ത്യയുടെ സ്പെഷലിസ്റ്റ് സ്പിന്നർ. സ്പിൻ ഓൾറൗണ്ടർമാരായി രവീന്ദ്ര ജഡേജയും ആർ അശ്വിനും ടീമിലുണ്ട്. അക്ഷർ പട്ടേലിനു പരിക്കേറ്റപ്പോൾ പകരക്കാരനായി ടീമിലെത്തിയത് അശ്വിനാണ്. ഒന്നര വർഷത്തെ ഇടവേളയ്ക്ക് ശേഷം ഇക്കഴിഞ്ഞ ഓസ്ട്രേലിയക്കെതിരായ പരമ്പരയിലാണ് അശ്വിൻ വീണ്ടും ഏകദിനം കളിക്കാൻ ഇറങ്ങിയത്.

ഈ മാസം അഞ്ച് മുതലാണ് ലോകകപ്പ് പോരാട്ടം ആരംഭിക്കുന്നത്. ലോകകപ്പിൽ ഇന്ത്യയുടെ ആദ്യ മത്സരം ഓസ്ട്രേലിയക്കെതിരെയാണ്. ചെന്നൈ ചെപ്പോക്ക് സ്റ്റേഡിയത്തിലാണ് ഇന്ത്യയുടെ ആദ്യ പോരാട്ടം.



## ഇന്ത്യക്കെതിരായ 'ശത്രു രാഷ്ട്ര' പരാമർശം; തിരുത്തി തലയൂരി പിസിബി ചെയർമാൻ

പിസിബി (പാകിസ്ഥാൻ ക്രിക്കറ്റ് ബോർഡ്) ചെയർമാൻ സാക്ക അഷ്റഫ് കഴിഞ്ഞ ദിവസം ഒരു വിവാദത്തിൽ പെട്ടിരുന്നു. ഇന്ത്യയെ 'ദുഷ്മാൻ മുൽക്ക്' (ശത്രു രാഷ്ട്രം) എന്ന് വിശേഷിപ്പിച്ചതിനാണ് 71-കാരനായ അഷ്റഫ് ഏറെ വിമർശനം നേരിട്ടത്. പാകിസ്ഥാൻ ടീം ലോകകപ്പിനായി ഇന്ത്യയിലേക്ക് പോയതിനെ കുറിച്ച് സംസാരിച്ചപ്പോഴായിരുന്നു അദ്ദേഹത്തിന്റെ വിവാദ പ്രസ്താവന.എന്നിരുന്നാലും, 2023 ഏകദിന ലോകകപ്പിനായി പാകിസ്ഥാൻ ക്രിക്കറ്റ് താരങ്ങൾ രാജ്യത്ത് എത്തിയതിന് ശേഷം ഇന്ത്യയുടെ ആതിഥേയത്വത്തെ പ്രശംസിച്ച് തന്റെ പ്രസ്താവനകളിൽ തിരുത്തുമായി പിസിബി ചെയർമാൻ മുന്നോട്ട് വന്നിട്ടുണ്ട്. ഇന്ത്യയിൽ പാകിസ്ഥാൻ കളിക്കാർക്ക് ലഭിച്ചത് ഗംഭീര സ്വീകരണമാണെന്ന് അഷ്റഫ് അഭിപ്രായപ്പെട്ടു. കായികരംഗത്ത് ഇരു രാജ്യങ്ങളും പങ്കിടുന്ന ആദരവിന്റെ സാക്ഷ്യമാണിതെന്നും പിസിബി പുറത്തിറക്കിയ പ്രസ്താവനയിൽ അഷ്റഫ് പറഞ്ഞു.

ലോകകപ്പിനായി പോയ പാകിസ്ഥാൻ ടീമിന് ഇന്ത്യയിൽ ലഭിച്ച ഗംഭീര സ്വീകരണം ഇരു രാജ്യങ്ങളിലെയും ആളുകൾക്ക് പരസ്പരം കളിക്കാരോട് എത്രമാത്രം സ്നേഹമുണ്ടെന്ന് തെളിയിക്കുന്നു. ഹൈദരബാദ് വിമാനത്താവളത്തിൽ ഒരുക്കിയ സ്വീകരണം ഈ സ്നേഹം വ്യക്തമാക്കുന്നതാണ്. ഇത്തരത്തിലുള്ള സ്വീകരണം ഒരുക്കിയതിന് ഇന്ത്യക്കാരെ ഞാൻ അഭിനന്ദിക്കുന്നു- പ്രസ്താവനയിൽ അഷ്റഫ് പറഞ്ഞു

# ലയണൽ മെസ്സി ഇന്റർ മയാമി വിടും; വിരമിക്കൽ മറ്റൊരു ക്ലബിൽ

ന്യൂയോർക്ക്: ഇതിഹാസതാരം ലയണൽ മെസ്സി 2025ൽ ഇന്റർ മയാമി വിടുമെന്ന് റിപ്പോർട്ട്. സ്പെയിൻ കായികമാധ്യമമായ എൽ നാഷണലാണ് വാർത്ത റിപ്പോർട്ടു ചെയ്തത്. താരം കുട്ടിക്കാലത്ത് കളിച്ചു വളർന്ന അർജന്റീനൻ ക്ലബ് ന്യൂവെൽസ് ഓൾഡ് ബോയ്സിലേക്ക് പോകുമെന്നാണ് എൽ നാഷണൽ പറയുന്നത്. കഴിഞ്ഞ സീസണിൽ ഫ്രഞ്ച് ക്ലബ്ബായ പിഎസ്ജിയിൽ നിന്നാണ് മെസ്സി മേജർ സോക്കർ ലീഗിലെത്തിയത്.

ഇന്റർ മയാമിയിൽ രണ്ടു വർ



ഷത്തെ കരാറാണ് മെസ്സിക്കുള്ളത്. 2025 ഡിസംബറിൽ കരാർ അവസാനിക്കും. പ്രതിവർഷം 50 - 60 ദശലക്ഷം ഡോളറാണ് പ്രതിഫലം. ഇതുകൂടാതെ ആപ്പിൾ, അഡിഡാസ് കമ്പനികളുമായി പ്രത്യേക സാമ്പത്തിക കരാറുമുണ്ട്.

റൊസാരിയോ ആസ്ഥാനമായ ഓൾഡ് ന്യൂവെൽസിൽ വച്ച് വിരമിക്കണമെന്ന ആഗ്രഹം മെസ്സി നേരത്തെ പ്രകടിപ്പിച്ചതാണ്. പതിനൊന്നാം വയസ്സിൽ ഈ ക്ലബ്ബിൽ നിന്നാണ് മെസ്സി സ്പാനിഷ് ക്ലബ്ബായ ബാഴ്സയിലേക്ക് പോയിരുന്നത്. രണ്ട് ദശാബ്ദം നീണ്ട സ്വപ്നതുല്യമായ കരിയറായിരുന്നു ബാഴ്സയിൽ മെസ്സിയുടേത്.

അതിനിടെ, മെസ്സിയുടെ മയാമിയും ക്രിസ്റ്റ്യാനോ റൊണാൾഡോയുടെ അൽ നസ്റും തമ്മിൽ ചൈനയിൽ സൗഹൃദ മത്സരം കളിക്കുമെന്ന് റിപ്പോർട്ടുണ്ട്. ജനുവരിയിൽ മെസ്സി ഉൾപ്പെട്ട പിഎസ്ജിയും ക്രിസ്റ്റ്യാനോയുടെ നേതൃത്വത്തിലുള്ള സൗദി പ്രോ ലീഗ് ആൾ സ്റ്റാർസും തമ്മിൽ ഏറ്റുമുട്ടിയിരുന്നു.



## ക്രിക്കറ്ററുമായി നടി പൂജ ഹെഗ്ഡെയുടെ വിവാഹം; അടിസ്ഥാന രഹിതമെന്ന് കുടുംബം

മുംബൈ: പ്രമുഖ ഇന്ത്യൻ ക്രിക്കറ്ററുമായി വിവാഹം ഉറപ്പിച്ചെന്ന റിപ്പോർട്ടുകൾ തള്ളി നടി പൂജ ഹെഗ്ഡെയുടെ കുടുംബം.

വിവാഹത്തെ കുറിച്ച് ഇപ്പോൾ ആലോചനയില്ലെന്നും കരിയറിൽ ശ്രദ്ധിക്കാനാണ് നടിയുടെ തീരുമാനമെന്നും പൂജയുമായി ബന്ധപ്പെട്ട വൃത്തങ്ങൾ വ്യക്തമാക്കി. വിഷയത്തിൽ നടി ഔദ്യോഗികമായി പ്രതികരിച്ചിട്ടില്ല.

'അവർ ഒരു തെലുങ്കു സിനിമയുമായി ബന്ധപ്പെട്ട തിരക്കഥ കേട്ടുകൊണ്ടിരിക്കുകയാണിപ്പോൾ. തമിഴ്, ഹിന്ദി സിനിമാ വ്യവസായങ്ങൾക്ക് പുറമേ, ടോളിവുഡിലും അവർക്ക് ശോഭനമായ കരിയറുണ്ട്. തെലുങ്ക് നിർമാണക്കമ്പനിയുമായി സഹകരിച്ച് മൂന്നു സിനിമയാണ് അവർക്കുള്ളത്. അതുകൊണ്ടു തന്നെ വിവാഹവുമായി ബന്ധപ്പെട്ടുള്ള റിപ്പോർട്ടുകൾ അടിസ്ഥാനരഹിതമാണ്' - കുടുംബം വ്യക്തമാക്കി.

2012ൽ മുഖംമൂടി എന്ന തമിഴ് ചിത്രത്തിലൂടെയാണ് പൂജ അഭിനയരംഗത്തെത്തിയത്. തമിഴ്, തെലുങ്ക്, ഹിന്ദി സിനിമയിൽ സജീവമാണ്. ഇരുപതോളം ചിത്രങ്ങളിൽ വേഷമിട്ടിട്ടുണ്ട്. സൽമാൻ ഖാൻ നായകനായ കിസി കാ ഭായി, കിസി കാ ജാൻ എന്ന ചിത്രത്തിലാണ് നടി അവസാനമായി അഭിനയിച്ചത്.

RNI No. 35157/10, Printer and Publisher Edited by: P.T. Nizar, Cheif Editor, Peoples Review, Lynwood (H) Pottangadi Raghavan Road Opp. HP Petrol Pump West Nadakkavu Calicut - 673011, Email: peoplesreviewdaily@gmail.com, Printed at Redstar Printers, Joseph Road, Kozhikode.